# ശാംഭവി

ത്രൈമാസിക

**Book 9 | January - March 2020 | Edition 1**



## പത്രാധിപക്കുറിപ്പ്

കണ്ടും കേട്ടും പഠിച്ചാലും പ്രാവർത്തികമാക്കാൻ പറ്റാതെ വരുമ്പോൾ ഈശ്വരൻ നമ്മേ പഠിപ്പിക്കാൻ ഏതു രൂപത്തിലും ഭൂമിയിലേയ്ക്ക് ഇറങ്ങിവരുമെന്നത് 'കോവിഡ് 19' ലൂടെ നാം കണ്ടു. നമ്മേ പഠിപ്പിക്കാൻ ഈശ്വരന് ഏതു രൂപം വേണമെങ്കിലും സ്വീകരിക്കാനും എന്തു വേണമെങ്കിലും ചെയ്യാനും ചെയ്യാതിരിക്കാനും മാറ്റി ചെയ്യാനും സാധിക്കും. തൊട്ടുകൂടായ്മ സാമൂഹികാനാചാരമെങ്കിലും വ്യക്തിശുചിത്വത്തിന് നന്നെന്ന് പഠിച്ചില്ലെങ്കിൽ നമ്മെ പഠിപ്പിക്കും. അനാവശ്യമായ ആലിംഗനത്തേക്കാൾ കൈകൂപ്പി നമസ്തേ എന്നു ചൊല്ലലാണ് ഭാരതീയ സംസ്കൃതി മുന്നോട്ടുവയ്ക്കുന്ന സനാതന സംസ്ക്കാരമെന്ന് ഇതിലൂടെ നിർബന്ധപൂർവ്വം നമ്മൾ പഠിച്ചു. അത്യാവശ്യമെന്ന് തോന്നിയ പല ചെലവും അനാവശ്യമെന്ന് തോന്നലുണ്ടാക്കി. മനുഷ്യനിർമ്മിത നിയമങ്ങൾ നോക്കുകുത്തികളായപ്പോൾ കോവിഡ് ഈശ്വരൻ കരിയും കരിമരുന്നും ഇല്ലാതെയും ഉത്സവം നടത്താമെന്നും പഠിപ്പിച്ചു. നീയാണ് (മനുഷ്യൻ) പ്രധാനൻ എന്നു ഓർമ്മിപ്പിക്കാനും നീയെന്നപോലെ നിന്റെ ദൃശ്യങ്ങളായ ഓരോ മനുഷ്യനും ജീവജാലങ്ങളും പ്രധാനമെന്നും കോവിഡ് ഈശ്വരൻ പഠിപ്പിക്കുന്നു. അതായത് പ്രകൃതിയെ സ്നേഹിക്കുക, പ്രകൃതിയിൽ നിന്നെ കാണുക, ഈശ്വരനെ കാണുക. കോവിഡും പ്രകൃതിയുടെ ഒരംശം തന്നെ. അതുകൊണ്ട് നമുക്ക് ഓരോ ചുവടും ശ്രദ്ധാപൂർവ്വം വച്ച് ഋഷീശ്വരന്മാർ ചൊല്ലിയ പ്രാർത്ഥന ചൊല്ലാം.

കാലേ വർഷതു പർജ്ജന്യഃ
പൃഥവീ സസ്യശാലിനീ
ദേശോയം ക്ഷോഭരഹിതഃ
സജ്ജനാഃ സന്തു നിർഭയാഃ
സർവ്വേ ഭവന്തു സുഖിനഃ
സർവ്വേ സന്തു നിരായമയാഃ
സർവ്വേ ഭദ്രാണി പശ്യന്തു
മാ കശ്ചിത് ദുഃഖഭാക് ഭവേത്.



Two columns: left masthead, right contents.

പുസ്തകം 9 ലക്കം 1
ജനുവരി – മാർച്ച് 2020

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

മുഖചിത്രം : വാമനൻ
അർച്ചന ഉണ്ണി കൊണ്ടമറുക്

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, **ഇരിങ്ങാലക്കുട**

# വിഷയവിവരം

1. വിരക്തിരത്നാവലി
2
2. സംസ്കൃതപഠനം (40)
4
3. കുട്ടികളുടെ വാല്മീകിരാമായണം (21)
10
4. ഭഗവദ്ഗീതാ – ഒരു പുനർവായന (20)
12
5. ലളിതാസഹസ്രനാമം (30)
14
6. ഔഷധസസ്യങ്ങൾ (27)
കൈതച്ചക്ക
16
7. പരമാർത്ഥസാരം (8)
17
8. ശിവസ്തോത്രാവലി (9)
22
9. ദുർഗ്ഗാചന്ദ്രകലാസ്തുതി (5)
26
10. കാശ്മീരശൈവസമ്പ്രദായം (7)
29

# വിരക്തിരത്നാവലി

സമ്പാദക : അപർണ്ണാദേവി എ.

71. *ധനാർജനപരോ ഭവ ത്വമിഹ സർവദാ ദുഃഖധീ-*
*സ്തവാത്ര സുഖമീഷദസ്തി കിമു തദ്ധനേന ധ്രുവം*
*സ്വപുത്രസുകളത്രമിത്രജനഭോഗയോഗ്യം ഭവേത്*
*തദാർജനസമുച്ചയേഷു സുരഘേവ കിം ക്ലിശ്യതി.*

72. *ത്രയീപഠനമാദരാത് പിതൃതിഥൌ ഹി ഭോക്തും ദ്വിജഃ*
*കരോതി ഗദിതും ക്വചിത് സ്മൃതിവിമർശനം സൂതകം*
*മനുഞ്ജപതി ഹിംസനായ പരമാർഥതോ വേദവി-*
*ന്ന കശ്ചിദപി പുണ്യധീർഭുവി വിചാരവാനാത്മനി.*

73. *ഇദം ജഗദസന്മഹന്ന ഖലു കർമ ദേഹഃ സതീ*
*ധനം നിധനമിന്ദ്രജാലമിതി സർവമാത്മീയകം*
*പരാനുപദിശന്ത്യഹോ ശ്രുതിശിരാംസി ലോകേ സ്വയം*
*ധനാർജനപരാഃ സദാ ധനിഗൃഹാശ്രിതാഃ പണ്ഡിതാഃ.*

74. *കുതർകപഠനോത്സുകാഃ കുസുമബാണശാസ്ത്രീയകാഃ*
*പ്രബന്ധകഥനപ്രിയാഃ പ്രഹസനപ്രശംസാകരാഃ*
*കലാകുശലബുദ്ധയഃ കലുഷഹൃണഭാഷാരതാഃ*
*ഭവന്തി ഭുവി ഭൂസുരാ നിഗമസാരവിത് കോപി ന.*

75. *ധനാർജനപരോ ഭവാൻ ഭവതി യാവദേവ പ്രിയാ-*
*കുമാരപിതൃസോദരീദുഹിതൃമാതൃബന്ധുസ്നുഷാഃ*
*ഭവന്തി വിനയാന്വിതാഃ പരിസരന്തി ഭക്ത്യാ പരം*
*യദാ ഭവതി നിർധനോ ജഗതി തേ ഹി കുപ്യന്തി ച.*

76. *ന കോപി ച സഹായകോ ഭവതി തത്ര വർത്മന്യഹോ*
*ജനോ ബഹുദയാപരാസ്ത്വയി ഹി യേ ശ്മശാനാവധി*
*ധനാർഥമനുയാന്തി കേചന ബുധാ മുധാ തജ്ജനേ*
*കരോഷി സതതം പ്രിയം ത്യജ മമത്വപാശം തതഃ.*

77. *പലാലമിഹ ധാന്യധീസ്ത്യജതി ലോകശാസ്ത്രശ്രുതീ-*
*സ്തഥാ ത്വമപി മോക്ഷധീസ്ത്വരിതമേവ തം സ്വീകുരു*
*ചരാചരാമയം രസം ഗുരുകടാക്ഷസംസ്പർശനാത്*
*പയോപി ജലമിശ്രിതം കലയതീഹ ഹംസോ യഥാ*

78. *ഇമാമശുചികുണ്ഡികാ ജഡമയീം തനും ശ്യാമലാം*
*രസാർതവസൃമൃന്മയീം പിതൃകുലാലസത്കാരണം*
*യതീന്ദ്രനവരന്ധ്രികാം സുഭഗചക്രസംഭൃതികാം*
*ന താം സ്പൃശ മനോരഥശ്വപചദൂഷിതാം സർവഥാ.*

79. *അഹോ പരമദുഃഖദോ ജഗതി കോഽസ്തി ദേഹാത് പൃഥക്*
*പരോപകൃതിവൃത്തിവിസ്മൃതിപരശ്ച ദോഷകരഃ*
*പരാർതിനയനോത്സവഃ പരധനക്ഷയൌത്സുക്യധീ-*
*സ്തപോജനപരാങ്മുഖസ്തരളതാകരഃ സന്മതേഃ.*

80. *ഗജാബ്ജവരചിത്രകായകിരിഗോമൃഗാണാം യഥാ*
*ത്വഗസ്ഥിനഖരോമരോചനവരാണി ഗൌരീപതേഃ*
*സമർപണവിഭൂഷണോപകരണാനി ജന്തോസ്തഥാ*
*തവാങ്ഗമശിവാർപണം ഭവതി കിം ന ഭൂഭാരകൃത്.*

81. *മനോനൃപതിമഞ്ജസാ ജഹി വിവേകഖഡ്ഗേന തം*
*മഹേശ്വരപരാങ്മുഖം വിഷയപഞ്ചമന്ത്ര്യന്വിതം*
*ശിവാങ്ഘ്രികമലാർചനാനിയതകാമയാനസ്ഥിത-*
*സ്തതോ ഹ്യമൃതസുന്ദരീ പ്രവൃണയാദ്ഭവന്തം സുധീഃ*

82. *മനോദശമുഖാസുരം ഭവസമുദ്രമധ്യോല്ലസ-*
*ച്ഛരീരപുരവാസിനം വിമലബുദ്ധിസീതാമുഷം*
*ജഹി ത്വമഭിരാമധീഃ പ്രണവചാപചന്ദ്രേഷുണാ*
*വിദേഹകുലദീപികാം പ്രലഭസേ പുനഃ സത്വരം.*

83. *മനോന്മനി ജഹി ദ്രുതം ഹൃദയചണ്ഡഭണ്ഡാസുരം*
*പരാത്പ്രകൃതിമണ്ഡിതം പരമശാംഭവീഭാസിതേ*
*മഹേന്ദ്രധനുഷാ ത്വിഷാ മദനവൈരിനേത്രാഗ്നിനാ*
*സുഖാമൃതതരങ്ഗിണീ ഭവസി തേന സമ്രാജ്ഞികാ.*

84. *ഗുരൂക്തിസുധയൈവ ഹൃത് സമലമാപ്ലയാച്ഛുദ്ധതാം*
*തദാ തവ ഹി മോക്ഷധീഹൃദയപുണ്ഡരീകാംബരേ*
*അഖണ്ഡമമൃതം ശിവം ശശികലാവതംസം സുഖം*
*തതസ്ത്വമിഹ പശ്യസി പ്രണതലോകകല്പദ്രുമം.*

85. *കൃപാബ്ധിബഡവാനലം സുകൃതശൈലവജ്രായുധം*
*വിമർശസുമമഞ്ജരീവനഹുതാശനം നാശ്രയ*
*സുമൈത്ര്യഘനമാരുതം സുമതിപദ്മിനീഹസ്തിനീം*
*ക്രുധം വരതപോഽശനിം ചിതിശശാങ്കരാഹും നര.*

86. *സ്പൃഹാ ശുനകബാലികേതി ഹി വദാമി ഭോജ്യേ തു സാ*

*സ്വവാന്തമനഘാ ച നാതിപരിപാലിതാന്നം ഭയാത്*
*ന ഗച്ഛതി ധരാന്തരം തത ഇതഃ ക്ഷണം ധവതി*
*ബ്രവീമി കിമഹോ സുധീർജഗതി നാസ്തി തൃഷ്ണോപമാ.*

87. *മനോരഥപിശാചികാ സകലധാതുസംശോഷികാ*
*കുദേശഗമനോത്സുകാ ഗളിതഭീതിദുർവൃത്തികാ*
*സദാ ചപലചിത്തദാ സ്മരണമാത്രതോ നശ്യതി*
*ധ്രുവം ശിവപാദാബ്ജഭക്തിരസതൃപ്തിസേതോർഭുവി.*

88. *ത്വമേവ പരമഃ ശിവസ്ത്വയി ഹി ജാതമേതജ്ജഗത്*
*ത്വയി പ്രരമതേ പുനസ്ത്വയി വിലീയതേ സത്തയാ*
*ത്വമേവ സകലം ജഗജ്ജലനിധൌ തരങ്കാദിവത്*
*ത്വമേവ പരമോക്തിവാനഹമപീതി ന ത്വാം വിനാ.*

89. *ഇമാം പരമപാവനീം ഹൃദി വിരക്തിരത്നാവലിം*
*സദാ വഹതി യോ നരഃ സ തു വിവേകചൂഡാമണിഃ*
*ഭജത്യമലബുദ്ധിഷു പ്രവത്താമപി ശ്രീപുരേ-*
*ശ്വരസ്യ കൃപയാമൃതം പ്രലഭതാമനന്തം ശിവം.*

---

# സംസ്കൃതപഠനം (40)

ഡി. പ്രകാശ്

(കഴിഞ്ഞ ലക്കം തുടർച്ച)

39-ാം അദ്ധ്യായത്തിൽ അഭ്യാസമായി അജന്തം, ഹലന്തം, ക്രിയാപദം എന്നിങ്ങനെ വേർതിരിച്ചെഴുതുവാൻ നിർദ്ദേശിച്ചിരുന്നു. നിർദ്ദേശമനുസരിച്ചെഴുതിയാൽ ഇപ്രകാരം ആണ്.

| **അജന്തം** | **ഹലന്തം** | **ക്രിയാപദം** |
|---|---|---|
| അജഃ | രാജാ | ഭവതി |
| മയൂരീ | മരുത് | പഠതി |
| കാകീ | വാക് | പിബതി |
| സിംഹഃ | തത് | ഗച്ഛതി |
| കവിഃ | കിം | ധാവതി |

| | | |
|---|---|---|
| രാമഃ | സഃ | ഉത്തിഷ്ഠതി |
| പ്രഭാതേ | സഃ | പ്രണമതി |
| മാതാപിതരൗ | തം | ഉദയതി |
| സൂര്യഃ | സഃ | നമസ്കരോതി |
| സൂര്യസ്യ | സുഹൃദ്ഭിഃ | പഠതി |
| പ്രകാരോ | | വികസന്തി |
| കമലാനി | | ഡയന്തേ |
| വിദ്യാലയം | | ഗച്ഛതി |

ലിംഗഭേദം കാണിച്ചുകൊണ്ട് പട്ടികപ്പെടുത്തുന്നു.

| പുല്ലിംഗം | സ്ത്രീലിംഗം | നപുംസകലിംഗം |
|---|---|---|
| വിദ്യാലയഃ | അധ്യാപികാ | മിത്രം |
| സുഹൃദ് | മാതാ | ശ്യാമഫലകം |
| പ്രകോഷ്ഠഃ | ബാലികാ | ഫലം |
| ആസന്ദഃ | കഠിനീ | കവാടം |
| വൃക്ഷഃ | ഉത്പീഠികാ | സോപാനാനി |
| അനുജഃ | കനിഷ്ഠാ | വനം |
| | | മുഖം |

വചനമനുസരിച്ച് പട്ടിക്കപ്പെടുത്തുന്നു.

| ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|
| ധേനുഃ | ഗ്രാമൌ | പിതരഃ |
| ബാലഃ | മേഘൗ | ലേഖന്യഃ |
| തരുഃ | യാനേ | വാരീണി |
| ഗൌഃ | നൗകേ | താഃ |
| തൃണം | | മുനയഃ |
| ഛാത്രം | | സുഹൃദഃ |

| | | |
|---|---|---|
| മാലാ | | ജലാനി |
| ശിശ്ശു: | | ചക്രാണി |
| രാജാ | | വൃദ്ധാഃ |
| രാശീ | | കേശാഃ |
| | | മയൂര്യഃ |

## ദ്വിതീയാവിഭക്തിരൂപംകൊണ്ട് പൂരിപ്പിക്കുന്നു

1. സുരേശഃ ഗ്രാമം ഗച്ഛതി.
2. ഗണേശഃ ഹിമാലയം ആരോഹതി.
3. മനോജ്ഞഃ കവിതാം ആലപതി.
4. ഛാത്രാഃ വാർത്താം ശൃണ്വന്തി.
5. ബാലികാ പുസ്തകം പഠതി.
6. ലതികാ ഛത്രം നയതി.
7. ജനഃ രവിം നമസ്കരോതി.
8. രത്നാകരഃ മുനിം വന്ദതേ.
9. ശിശ്ശുഃ ക്ഷീരസ്യ രുചിം അനുഭവതി.
10. ശ്ശുനകഃ യജമാനസ്യ ആപദി മതിം പ്രദർശയതി.
11. ഗജഃ സ്നാനാർഥം നദീം ഗച്ഛതി.
12. ഛാത്രാഃ ഗുരും നമന്തി.
13. ഗോപാലകഃ ധേനും സ്നാപയതി.
14. സേനാപതിഃ ചമൂഃ വിന്യസതി.
15. ഛാത്രാഃ മാതരം പ്രണമന്തി.
16. പുത്രാഃ പിതരം പൃച്ഛന്തി.
17. ഗ്രാമീണാഃ ഗാഃ ചരന്തി.
18. ജനാഃ വൃഷ്ടിനിമിത്തം ഛത്രാണി വികാസയന്തി.
19. മമ മിത്രം ദ്വേ കവിതേ രചയതി.
20. രാജനൈതികമണ്ഡലേ അധാർമികാ അസത്യാഃ വാർതാഃ രചയന്തി.
21. ഗോപാലാഃ ദൈവം അനുകൂലയിതും പർവതാൻ പൂജയന്തി.
22. വിദ്വാംസഃ ദ്വാദശ രവീൻ സ്തുവന്തി.
23. രത്നാകരഃ സപ്തർഷീൻ സാഷ്ടാങ്ഗം പ്രണമതി.
24. കൃഷ്ണാ യമുനാ ഇതി ദ്വേ നദ്യൗ പശ്യാമഃ.
25. ഗോപാലാ അനേകാഃ ഗാഃ പരിചരന്തി.

## കാവ്യപാഠം

അന്വയം : അഥവാ പൂർവസൂരിഭിഃ കൃതവാഗ്ദ്വാരേ അസ്മിൻ വംശേ വജ്രസമുത്കീർണ്ണേ മണൗ സൂത്രസ്യ ഇവ മേ ഗതിഃ അസ്തി.

അന്വയാർത്ഥം : അല്ലെങ്കിൽ പൂർവ്വസൂരികളാൽ ചെയ്യപ്പെട്ട വാഗ്ദ്വാരമാകുന്ന ഈ വംശത്തിൽ വജ്രത്താൽ സമുത്കീർണ്ണമായ രത്നത്തിന് എന്നപോലെ എനിയ്ക്ക് ഗതിയുണ്ട്.

സാരം : സ്വവിനയം കാണിയ്ക്കാൻ തന്റെ യശസ്സിനോടുള്ള ആഗ്രഹം കാരണം ഉയരമുള്ള വൃക്ഷത്തിലെ ഫലം പറിയ്ക്കാനായി ശ്രമിക്കുന്ന കുള്ളനെ പോലെയാണ് താനെന്ന് കവി ആദ്യം പറഞ്ഞു. പിന്നെ പറയുകയാണ് അല്ലെങ്കിൽ വാല്മീകി തുടങ്ങിയ കവികൾ പിന്നീടുള്ളവർക്ക് സൂര്യവംശത്തിൽ പ്രവേശിക്കുവാനായി രാമായണാദി വാഗ്രൂപത്തിലുള്ള ഒരു ദ്വാരം നിർമ്മിച്ചിട്ടുണ്ട്. വജ്രസൂചിക്കൊണ്ട് തുളയ്ക്കപ്പെട്ട രത്നത്തിലെ ദ്വാരം നൂലിന് എന്നപോലെ ഈ ദ്വാരം എനിയ്ക്ക് സൂര്യവംശത്തെ അധികരിച്ചുകൊണ്ടുള്ള കാവ്യരചനയ്ക്ക് ഒരു കവാടമായിത്തീർന്നിരിയ്ക്കുന്നു. ഇവിടെ കവിയുടെ വിനയവും ഇത് രചിയ്ക്കുവാനുള്ള സാധ്യതയും വെളിവാകുന്നു.

ഇനിയുള്ള അഞ്ച് ശ്ലോകങ്ങൾക്കും ഒന്നിച്ചാണ് അർത്ഥം പറയേണ്ടത്. 5 മുതൽ 9 വരെയുള്ള ശ്ലോകങ്ങൾചേർത്ത് അന്വയിച്ചാണ് അർത്ഥം പറയുന്നത്. അതിനാൽ ഇതിനെ കുളകം എന്ന് പറയുന്നു.

### ശ്ലോകം 5

1. സോഹമാജന്മശുദ്ധാനാമാഫലോദയകർമണാം
   ആസമുദ്രക്ഷിതീശാനാമാനാകരഥവർത്മനാം

### ശ്ലോകം 6

2. യഥാവിധിഹുതാഗ്നീനാം യഥാകാമാർചിതാർഥിനാം
   യഥാപരാധദണ്ഡാനാം യഥാകാലപ്രബോധിനാം

### ശ്ലോകം 7

3. ത്യാഗായ സംഭൃതാർഥാനാം സത്യായ മിതഭാഷിണാം
   യശസേ വിജിഗീഷൂണാം പ്രജായൈ ഗൃഹമേധിനാം

### ശ്ലോകം 8

4. ശൈശവേഭ്യസ്തവിദ്യാനാം യൗവനേ വിഷയൈഷിണാം
   വാർധകേ മുനിവൃത്തീനാം യോഗേനാന്തേ തനുത്യജാം

### ശ്ലോകം 9

5. രഘൂണാമന്വയം വക്ഷ്യേ തനുവാഗ്വിഭവോപി സൻ

തദ് ഗുണൈഃ കർണമാഗത്യ ചാപലായ പ്രചോദിതഃ

## പദങ്ങൾ

സഃ അഹം ആജന്മശുദ്ധാനാം ആഫലോദയകർമണാം ആസമുദ്രക്ഷിതീശാനാം ആനാകരഥവർത്മനാം യഥാവിധിഹുതാഗ്നീനാം യഥാകാമാർചിതാർഥിനാം യഥാപരാധദണ്ഡാനാം യഥാകാലപ്രബോധിനാം ത്യാഗായ സംഭൃതാർഥാനാം സത്യായ മിതഭാഷിണാം യശസേ വിജിഗീഷൂണാം പ്രജായൈ ഗൃഹമേധിനാം ശൈശവേ അഭ്യസ്തവിദ്യാനാം യൗവനേ വിഷയൈഷിണാം വാർധകേ മുനിവൃത്തീനാം യോഗേന അന്തേ തനുത്യജാം. രഘൂണാം അന്വയം വക്ഷ്യേ തനുവാഗ്വിഭവഃ അപി സൻ തദ്ഗുണൈഃ കർണം ആഗത്യ ചാപലായ പ്രചോദിതഃ

| അന്തലിംഗവിഭക്തിവചനാനി | |
|---|---|
| സഃ | ദകാരാന്തഃ പുലിംഗഃ പ്രഥമാ ഏകവചനം |
| അഹം | ദകാരാന്തഃ ത്രിലിംഗീ പ്രഥമാ ഏകവചനം |
| ആജന്മശുദ്ധാനാം | അകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| ആഫലോദയകർമണാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| ആസുമുദ്രക്ഷിതീശാനാം | അകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| ആനാകരഥവർത്മനാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| യഥാവിധി ഹുതാഗ്നീനാം | ഇകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| യഥാകാമാർചിതാർഥിനാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| യഥാപരാധദണ്ഡാനാം | അകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| യഥാകാലപ്രബോധിനാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| ത്യാഗായ | അകാരാന്തഃ പുലിംഗഃ ചതുർഥീ ഏകവചനം |
| സംഭൃതാർഥാനാം | അകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| സത്യായ | അകാരാന്തഃ പുലിംഗഃ ചതുർഥീ ഏകവചനം |

| | |
|---|---|
| മിതഭാഷിണാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| യശസേ | സകാരാന്തഃ നപുംസകലിംഗഃ ചതുർഥീ ഏകവചനം |
| വിജിഗീഷൂണാം | ഉകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| പ്രജായൈ | ആകാരാന്തഃ സ്ത്രീലിംഗം ചതുർഥീ ഏകവചനം |
| ഗൃഹമേധിനാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| ശൈശവേ | ഉകാരാന്തഃ പുലിംഗഃ സപ്തമീ ഏകവചനം |
| അഭ്യസ്തവിദ്യാനാം | അകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| യൌവനേ | അകാരാന്തഃ നപുംസകലിംഗഃ സപ്തമീ ഏകവചനം |
| വിഷയൈഷിണാം | നകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| വാർധകേ | അകാരാന്തഃ പുലിംഗഃ സപ്തമീ ഏകവചനം |
| മുനിവൃത്തിനാം | ഇകാരാന്തഃ പുലിംഗഃ ഷഷ്ഠീ ഏകവചനം |
| യോഗേന | അകാരാന്തഃ പുലിംഗഃ തൃതീയാ ഏകവചനം |
| അന്തേ | അകാരാന്തഃ പുലിംഗഃ സപ്തമീ ഏകവചനം |
| തനുത്യാജാം | ജകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| രഘൂണാം | ഉകാരാന്തഃ പുലിംഗഃ ഷഷ്ഠീ ബഹുവചനം |
| അന്വയം | അകാരാന്തഃ പുലിംഗഃ ദ്വിതീയാ ഏകവചനം |
| തനുവാഗ്വിഭവഃ | അകാരാന്തഃ പുലിംഗഃ പ്രഥമാ ഏകവചനം |
| അപി | അവ്യയം |
| സൻ | തകാരാന്തഃ പുലിംഗഃ പ്രഥമാ ഏകവചനം |
| തദ്ഗുണൈഃ | അകാരാന്തഃ പുലിംഗഃ തൃതീയാ ബഹുവചനം |
| കർണം | അകാരാന്തഃ പുലിംഗഃ ദ്വിതീയാ ഏകവചനം |

| | |
|---|---|
| ആഗത്യ | ല്യബന്തം അവ്യയം |
| ചാപലായ | അകാരാന്തഃ നപംസകപുലിംഗഃ ചതുർഥീ ഏകവചനം |
| പ്രചോദിതഃ | അകാരാന്തഃ പുലിംഗഃ പ്രഥമാ ഏകവചനം |

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  21

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞ ലക്കം തുടർച്ച)

ചിത്രകൂടപർവ്വതനിരകളിലേയ്ക്കുള്ള യാത്രാവിവരണം അതീവ ഹൃദയാവർജ്ജകവും ആകർഷണീയവുമാക്കിയിരിയ്ക്കുന്നു വാല്മീകിമഹർഷി. പ്രകൃതിയുടെ കരലാളനം അടുത്തറിയണമെങ്കിൽ വനയാത്ര കൂടിയേതീരൂ, കൊച്ചു കൂട്ടുകാരേ. പക്ഷിമൃഗാദികളും സസ്യലതാദികളും സൃഷ്ടിയ്ക്കുന്ന ആ മോഹനവലയം, മനുഷ്യന്റെ ക്ഷുദ്രവാസനകൾക്കപ്പുറത്താണ്. പരിസ്ഥിതിയെക്കുറിച്ചും വനസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുമെല്ലാം നമുക്കിന്ന് പേർത്തും പേർത്തും പറയേണ്ടിവരുന്നത് പുതിയ മനുഷ്യന്റെ ലക്കും ലഗാനുമില്ലാത്ത നശീകരണ സ്വഭാവവും സ്വാർത്ഥചിന്തകളുമാണെന്ന വാസ്തവം നിങ്ങളെല്ലാം ഈ പ്രായത്തിൽത്തന്നെ ഉൾക്കൊള്ളേണ്ടിയിരിയ്ക്കുന്നു. തീരങ്ങൾ തഴുകി, ഊക്കോടെ ഒഴുകുന്ന കാളിന്ദി നദിയെ വന്ദിച്ച്, മറുകരയെത്തിയ ശ്രീരാമസീതാ-ലക്ഷ്മണന്മാർ ആകാശത്തേയ്ക്ക് തലയുയർത്തിനില്ക്കുന്ന മഹാവൃക്ഷങ്ങൾക്ക് സ്വസ്തി നേരുന്നതും വലംവെയ്ക്കുന്നതും വായിയ്ക്കുമ്പോൾ വാല്മീകി രാമായണത്തിന്റെ അഭൗമചൈതന്യം എത്രമാത്രമാണെന്ന് നമ്മൾ അടുത്തറിയുന്നു. അങ്ങനെ മഹാമുനിമാരുടെ ആവാസകേന്ദ്രവും പരമപവിത്രവുമായ ചിത്രകൂട പർവ്വതസാനുക്കളിൽ അവർ എത്തിച്ചേർന്നു. മാത്രമല്ല, വാല്മീമഹർഷി കാലങ്ങളായി കാത്തിരുന്ന ആ സമ്മോഹന മുഹൂർത്തവും സമാഗതമാവുകയായി. അദ്ദേഹത്തിൽനിന്നനുഗ്രഹാശിസ്സുകൾ നേടിയ മൂവരും, വാല്മീകി ആശ്രമത്തിന്നടുത്തുതന്നെ സ്വച്ഛന്ദസുന്ദരമായ ഒരു സ്ഥലം പർണ്ണശാലയ്ക്കായി തെരഞ്ഞെടുത്തു. മാല്യവതീ

നദിയുടെ കുളിർകാറ്റേറ്റ് സുകൃതികളായ അവരെ, മഹർഷിശ്രേഷ്ഠന്മാർ അനുഗ്രഹത്തിന്റെ തീർത്ഥജലംകൊണ്ട് ശുദ്ധീകരിച്ചു.

ഇനി നമുക്ക് അയോദ്ധ്യാവിശേഷങ്ങളിലേയ്ക്കൊന്ന് എത്തിനോക്കാം. മടങ്ങിയെത്തിയ സൂതനെ എതിരേറ്റത് ശ്രീരാമനെ സംബന്ധിച്ച ആയിരം ചോദ്യങ്ങളുയർത്തിയ അയോദ്ധ്യാനിവാസികളാണ്. പുത്രശോകത്താൽ മോഹാലസ്യപ്പെട്ട ദശരഥമഹാരാജാവിന്റെ അവസ്ഥ ഊഹിയ്ക്കാവുന്നതാണല്ലോ? അമ്മമാരും അന്തഃപുരവാസികളും ചേർന്ന് അയോദ്ധ്യയിൽ കണ്ണീർപ്പുഴതന്നെ സൃഷ്ടിച്ചു. ആശ്വസിയ്ക്കാൻ അല്പംപോലുമില്ലാത്ത, അഗതികളെപ്പോലെയായി അയോദ്ധ്യാവാസികൾ. അവരിലൊരാളായിത്തന്നെ, ആ നിസ്സഹായത കൃതകൃത്യനായ വാല്മീകി വാക്കുകളിലൂടെ ആവാഹിയ്ക്കുന്നു. പെറ്റമ്മയായ കൗസല്യയുടെ പുത്രവാത്സല്യം അണപൊട്ടി ഒഴുകുന്നത് വായനക്കാരെ കണ്ണീരണിയിയ്ക്കാൻ പര്യാപ്തമാണ്. രാജപത്നിയായിപ്പോയതുകൊണ്ടുമാത്രം തന്റെ മകൻ അനുഭവിയ്ക്കേണ്ടിവന്ന ശിക്ഷ ഏതൊരമ്മയ്ക്കും താങ്ങാവുന്നതിന്നപ്പുറമാണെന്ന കൗസല്യയുടെ വാക്കുകൾ ദശരഥനെ കൂടുതൽ പരവശനും അതിലേറെ നിസ്സഹായനുമാക്കി. തന്റെ ഈ പരാധീനതയ്ക്ക് ആധാരമായ മുനിശാപത്തെക്കുറിച്ച് ഓർമ്മിയ്ക്കുന്ന മഹാരാജാവിനെ, കൺമുന്നിൽ കാണുന്നതായി വായനക്കാരനനുഭവപ്പെടും. അത്രമാത്രം സ്വാഭാവികത, ആത്മാർത്ഥത അക്ഷരങ്ങളോടുള്ള ആരാധന ഇതെല്ലാം വാല്മീകിരാമായണത്തിൽ അലയടിയ്ക്കുന്നു. യുവത്വത്തിന്റെ ആ കാലം എന്തിനേയും ഏതിനേയും നിസ്സാരമാക്കാൻ പോന്നതായിരുന്നു. മിക്കവാറും സമയം നായാട്ടിൽ ചെലവഴിക്കാനായിരുന്നു, ദശരഥനിഷ്ടം. മൃഗയാവിനോദത്തിലൂടെ എന്തെന്നില്ലാത്തൊരാനന്ദം അദ്ദേഹം അനുഭവിച്ചിരുന്നു. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ആ വിനോദം തുടർന്നു. ഒരു ദിവസം രാത്രി, ആന പുഴയിൽനിന്ന് വെള്ളം കുടിയ്ക്കുകയാണെന്ന ധാരണയിൽ അദ്ദേഹമൊരസ്ത്രമെയ്തു. ഹാ, ഹാ... എന്ന ദീനരോദനമാണ് ഉടനുണ്ടായത്. വൃദ്ധരും അന്ധരുമായ മാതാപിതാക്കൾക്കായി വെള്ളമെടുക്കാനായി വന്ന യുവതാപസന്റെ കരച്ചിലാണതെന്ന് മനസ്സിലായ മഹാരാജാവ് അതീവ ദുഃഖിതനായി. വരാനുള്ളത് വഴിയിൽ തങ്ങാറില്ലല്ലോ? 'വാർദ്ധക്യത്തിൽ ഏകാവലംബമായിരുന്ന മകനെ വധിച്ചവൻ ആരായിരുന്നാലും ഞങ്ങളെപ്പോലെ വാർദ്ധക്യത്തിൽ നിരാശ്രയനായി പുത്രശോകത്താൽ മരിയ്ക്കാനിടവരട്ടെ' എന്ന ശാപവചനമുച്ചരിച്ച് താപസർ പരലോകം പൂകി. ആഗതമായ ആ വിധിവിഹിതമാണ് അനുഭവിയ്ക്കേണ്ടിവന്നിരിയ്ക്കുന്നതെന്ന തിരിച്ചറിവ് അദ്ദേഹത്തെ കൂടുതൽ ദുഃഖിതനും പരവശനുമാക്കി. അറിയാതെ ചെയ്തതാണെങ്കിലും പാപഭാരത്തിന്റെ ശക്തി പാഴിലാകില്ലെന്ന് ദശരഥനറിയാമായിരുന്നു. അവസാനകാലത്തേയ്ക്ക് മക്കളെക്കാണാതെ പരലോകം പ്രാപിയ്ക്കാനുള്ള സമയം അടുത്തുവന്നിരിയ്ക്കയാണെന്ന് മഹാരാജാവ് പട്ടമഹിഷിയെ മനസ്സിലാക്കി.

(തുടരും)

# ഭഗവദ്ഗീതാ – ഒരു പുനർവായന [20]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

**അഥ ദ്വിതീയോധ്യായഃ**

സഞ്ജയഃ ഉവാച

*1. തം തഥാ കൃപയാവിഷ്ട*
*മശ്രുപൂർണാകുലേക്ഷണം*
*വിഷീദന്തമിദം വാക്യ*
*മുവാച മധുസൂദന*

അർത്ഥം : അപ്രകാരം കരുണയാൽ ആവേശിതനും കണ്ണുനീരനാൽ പൂർണ്ണവും അസ്വസ്ഥവുമായ ദൃഷ്ടിയോട് കൂടിയവനും ദുഃഖിതനുമായ അദ്ദേഹത്തിനോട് മധുസൂദനൻ ഈ വാക്യത്തെ പറഞ്ഞു.

**കാശ്മീരപാഠം :**

*1. തം തഥാ കൃപയാവിഷ്ട*
*മശ്രുപൂർണാകുലേക്ഷണം*
*സീദമാനമിദം വാക്യ*
*മുവാച മധുസൂദന*

അർത്ഥം : അപ്രകാരം കരുണയാൽ ആവേശിതനും കണ്ണുനീരനാൽ പൂർണ്ണവും അസ്വസ്ഥവുമായ ദൃഷ്ടിയോടുകൂടിയവനും തളർച്ചയോടുകൂടിയവനുമായ അദ്ദേഹത്തിനോട് മധുസൂദനൻ ഈ വാക്യത്തെ പറഞ്ഞു.

ഇവിടെ കാശ്മീരപാഠത്തിൽ തളർച്ചയോട് കൂടിയവനായിട്ടാണ് അർജ്ജുനനെ പറയുന്നത്. വിഷാദമോ ദുഃഖമോ അർജ്ജുനനെ ബാധിച്ചിട്ടില്ല. സീദമാനം എന്നതുകൊണ്ട് തളർച്ചയാണ് പറയുന്നത്. ഒരു തീരുമാനം എടുക്കേണ്ട സന്ദർഭത്തിൽ ഏത് തീരുമാനം എടുക്കണം എന്ന് അറിയാതെ ഉഴറുമ്പോൾ തളർച്ച ഒരുവന് ഉണ്ടാകും. സഞ്ജയന്റെ ദൃഷ്ടിയിൽ അർജ്ജുനന്റെ ഈ തളർച്ചയ്ക്ക് കാരണം കാരുണ്യമാണ്. തന്റെ ബന്ധുജനങ്ങളെ കണ്ടപ്പോൾ അർജ്ജുനമനസ്സിൽ കാരുണ്യം ഉറവപൊട്ടി. അത് അർജ്ജുനനെ തളർത്തി. ആ കൃപകാരണം തളർച്ചയുള്ളവനായിത്തീർന്നു. കണ്ണുനീരിനാൽ നിറഞ്ഞ കണ്ണുകളുള്ളവനും കലങ്ങിയ കണ്ണുകളുള്ളവനുമായിത്തീർന്നു. കണ്ണുനീരുകൊണ്ട് കണ്ണുകൾ നിറയുമ്പോഴും കലങ്ങുമ്പോഴും ദൃഷ്ടി താഴോട്ടായിരിക്കും. അതുകൊണ്ട് ആകുലേക്ഷണനന് താഴോട്ട് നോക്കുന്നവൻ എന്നും അർത്ഥം പറയാം. ഇത് ആത്മവിശ്വാസരാഹിത്യത്തിന്റെ കൂടി ലക്ഷണമാണ്, ഇങ്ങനെയുള്ള പാർത്ഥനോട്

ശ്രീകൃഷ്ണപരമാത്മാവ് പറയുകയാണ്. ശ്രീകൃഷ്ണപ രമാത്മാവ് ഇനി രംഗപ്രവേശം ചെയ്യുകയാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ ശ്രീകൃഷ്ണപരമാത്മാവ് ഒരു പ്രാവശ്യം മാത്രമാണ് സംസാരിച്ചത്. രണ്ട് സൈന്യങ്ങളുടെയും ഇടയിൽ അർജ്ജുന രഥത്തെ നിർത്തിയശേഷം അല്ലയോ പാർത്ഥ ഇവിടെ സന്നിഹിതരായിരിക്കുന്ന കുരുവംശത്തിൽ പിറന്നിരിക്കുന്നവരെ കണ്ടാലും എന്ന് മാത്രമാണ്. അർജ്ജു നൻ പറയുമ്പോൾ അദ്ദേഹം സശ്രദ്ധം കേൾക്കുകയായിരുന്നു. അതിനിടയിൽ കയറി ഒന്നും പറഞ്ഞില്ല. അത് ശരിയല്ല, ഇത് ശരിയല്ല, അങ്ങനെ ചിന്തിയ്ക്കാൻ പാടില്ല, ഇങ്ങനെ ചിന്തിയ്ക്കാൻ പാടില്ല എന്നൊന്നും ശ്രീകൃഷ്ണപരമാത്മാവ് പറ ഞ്ഞില്ല. ഇതിൽനിന്ന് ഒരു കാര്യം വ്യാസഭഗവാൻ വ്യക്തമാക്കുകയാണ്. നമ്മൾ പറയുന്നത് മുഴുവനും കേൾക്കുന്ന ഏക സങ്കേതമാണ് ഭഗവദ്സമക്ഷം. ഭഗവദ്സമക്ഷം എന്തും പറയാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. നമ്മളെ വിലയി രുത്താതെ നമ്മൾ പറയുന്നത് ശരിതെറ്റുകളാണെന്ന് കണക്കിലെടുക്കാതെ നമ്മൾ പറയുന്നത് മുഴുവനും കേൾക്കും. എന്നിട്ട് വേണ്ടത് കൃത്യമായി പറഞ്ഞ് തരും. പറയുന്നതിന് ഒരു തടസ്സം ഉണ്ടാവില്ല. കേട്ടു കഴിഞ്ഞാൽ ഭഗവാൻ ഇടപ്പെടും. ഇവിടെ ഭഗവാൻ ഇടപ്പെടാൻ പോകുന്നു. മമതകൊണ്ട് തളർന്ന് ഇരിക്കുന്ന അർജ്ജുനനോട് ഭഗവാൻ പറഞ്ഞു.

*ശ്രീഭഗവാനുവാച*

*കുതസ്ത്വാ കശമലമിദം വിഷമേ സമുപസ്ഥിതം*
*അനാര്യജുഷ്ടം അസ്വർഗ്യം അകീർത്തികരം അർജുന. (2-2)*

അർത്ഥം : ഈ വിഷമഘട്ടത്തിൽ നിനക്ക് എവിടെനിന്നാണ് അർജ്ജുന, ദോഷകരമായിട്ടുള്ള പാപത്തെ ഉണ്ടാക്കുന്ന ചിന്തകൾ ഉണ്ടായത്. ഇത് അനാര്യന്മാർക്ക് യോജിച്ചതും സ്വർഗ്ഗത്തെ തരാത്തതും അകീർത്തിയെ ഉണ്ടാക്കുന്നതും ആണ് അർജ്ജുന. ഇപ്പോൾ നീ ചിന്തിക്കുന്നത് ശ്രേഷ്ഠന്മാർക്ക് ചേർന്നവിധത്തില്ല. യോഗ്യന്മാർക്ക് ചേർന്നതല്ല. യോഗ്യന്മാർക്ക് ചേരാത്തതായ ഇപ്പോഴത്തെ ചിന്തകൾ നീ പ്രാവർത്തികമാക്കിയാൽ ഇഹലോകത്തും പരലോകത്തും ഒരു പ്രയോജനവും ഇല്ല. ഇഹലോകത്ത് അനുഭവിയ്ക്കേണ്ടതായ കീർത്തി കിട്ടാത്തെ പോകും. പരലോകത്ത് അനുഭവിയ്ക്കേണ്ടതത്തായ ദുഃഖമില്ലാത്തതായ അവസ്ഥ സ്വർഗ്ഗം ഇല്ലാത്തെയാകും.

## അഭിനവഗുപ്തവ്യാഖ്യാനം

*ആദൗ ലോകവ്യവഹാരാശ്രയേണൈവ ശ്രീഭഗവാനർജുനം*
*പ്രതിബോധയതി, ക്രമാത്തു ജ്ഞാനം കരിഷ്യതീതി, അതഃ*
*'അനാര്യജുഷ്ടം' ഇത്യാഹ .. 2 ..*

ഭഗവാനെപ്പോലെ എല്ലാം ഒന്നാണെന്ന് അറിഞ്ഞവനും പ്രവർത്തിക്കുന്ന ഒരാൾ എല്ലാത്തിലും ഒന്നിനെ കാണാൻ സാധിക്കുന്നവനും ഒരാൾ അനേകത്വത്തിൽ ഏകത്വത്തെ കാണാൻ സാധിക്കുന്നവനുമായ ഭഗവാൻ എങ്ങനെയാണ് ഒന്ന് അനാര്യമാണ് എന്നു പറയുക. ശ്രേഷ്ഠമല്ലാത്തവർക്ക് ചേർന്നത് എന്ന്

പറയുക ശ്രേഷ്ഠമല്ലാത്തതായ ഈ ലോകത്ത് ഒന്നും തന്നെയില്ലയെന്ന അനുഭവംകൊണ്ട് അറിയുന്ന സാക്ഷാത് പരമാത്മാവിന് എങ്ങനെയാണ് ഏതെങ്കിലും ഒന്ന് അനാര്യമാണെന്ന് പറയാൻ സാധിക്കുക. അദ്ദേഹം അങ്ങനെ പറയുന്നത് ലോകവ്യവഹാരമാശ്രയിച്ചിട്ടാണ്. ലോകത്ത് ചിലപ്പോൾ സ്തബ്ധരായി നിൽക്കുന്നവരെ ഉണർത്തുന്നതിന് ചില വാക്കുകളും ചില കൈക്രിയകളും ഒക്കെ ചെയ്യേണ്ടിവരും. അത് അവരുടെ ഉർദ്ധ്വഗതിയ്ക്ക് വളരെ സഹായകരവുമായിത്തീരാറുണ്ട്. അതുപോലെ അജ്ഞാനംകൊണ്ട് വിവശനായിനിൽക്കുന്ന അർജ്ജുനനെ ഒന്നു ഉണർത്തുന്നതിനായിട്ട് ഈ പദങ്ങളെ ഉപയോഗിച്ചുവെന്നെയുള്ളൂ. ക്രമേണ അദ്ദേഹം ജ്ഞാനമാർഗ്ഗത്തെ പറഞ്ഞുകൊടുക്കും. ശരിയ്ക്കുള്ളത് വെളിപ്പെടുത്തികൊടുക്കും. അതിനും സ്തബ്ധാവസ്ഥയിൽനിന്ന് അർജ്ജുനനെ ഒന്ന് മുക്തനാക്കേണ്ടത് അനിവാര്യവും കൂടിയാണ്.

(തുടരും)

---

# ലളിതാസഹസ്രനാമം (30)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

## നിഷ്കലാ

*കലയാകാത്തവൾ*

ദേവി കലയല്ല. കലകൾ എല്ലാം ചേർന്നവളാണ്. അതായത് ദേവി കഷ്ണമല്ല. എല്ലാ കഷ്ണങ്ങളും ചേർന്ന് പൂർണ്ണയാണ്. ദേവി തന്നെയാണ് പ്രപഞ്ചത്തിലെ ഓരോ അംശമായിത്തീർന്നിരിക്കുന്നതായി നമുക്ക് തോന്നുന്നതെങ്കിലും ദേവി അംശമല്ല. പലതായി കഴിഞ്ഞിട്ടും പലതല്ലാതായിരിക്കുന്നവൾ ദേവിയാണ്. ദേവിതന്നെ ഇക്കാണുന്ന പ്രപഞ്ചമായി പരിണമിച്ചിരിക്കുന്നു. അതുകൊണ്ട് പ്രപഞ്ചത്തിൽ പലതായി കാണുന്നതെല്ലാം ദേവി തന്നെയെങ്കിലും ദേവി പലതല്ലാതെ തന്നെയിരിക്കുന്നു. അതുകൊണ്ട് ദേവി നിഷ്കല ആകുന്നു.

## ശാന്ത

*ശാന്തയായവൾ*

യാതൊരു തരത്തിലുമുള്ള ഉത്കണ്ഠയുമില്ലാത്തവളാണ് ദേവി. ഉത്കണ്ഠയും ആയാസവും (Tension) ദേവിയ്ക്ക് ഇല്ലാത്തതുകൊണ്ട് ദേവിയെ ശാന്താ എന്നു വിളിക്കുന്നു.

## നിഷ്കാമാ

*ആഗ്രഹമില്ലാത്തവൾ. സൃഷ്ടിക്കുമുമ്പുള്ള അവസ്ഥയോടു കൂടിയവൾ.*

ദേവി എന്ത് വിചാരിച്ചാലും അത് ഉടനടി സാധിക്കുമെന്നതുകൊണ്ട് ദേവിയ്ക്ക് പ്രത്യേകിച്ച് ഒരു ആഗ്രഹവുമില്ല. അതുകൊണ്ട് ദേവിയെ നിഷ്കാമാ എന്നു വിളിയ്ക്കുന്നു. കാമമില്ലാത്തവൾ. കാമമെന്നതിന് ശിവൻ എന്നൊരർത്ഥവുമുണ്ട്. അതുകൊണ്ട് ശിവനോട് ചേരാത്തവളായ ദേവിയെ നിഷ്കാമാ എന്നു വിളിക്കുന്നു. ശിവനോട് ദേവി ചേരുമ്പോഴാണ് പ്രപഞ്ചസൃഷ്ടി. അപ്പോൾ സൃഷ്ടിയ്ക്കുമുമ്പുള്ള ദേവിയുടെ അവസ്ഥയെയാണ് നിഷ്കാമ എന്നു പറയുന്നത്. പലതായിത്തീരണമെന്നാഗ്രമില്ലാതിരിക്കുന്ന അവസ്ഥയോടുകൂടിയവൾ.

ഇത്തരത്തിലുള്ള അർത്ഥതലങ്ങളെല്ലാം ബുദ്ധികൊണ്ട് ഗ്രഹിയ്ക്കാൻ പ്രയാസമാണ്. അതുകൊണ്ട് നാമങ്ങൾ നിരന്തരമായി ചൊല്ലി ഈ അവസ്ഥയിലേക്ക് നമ്മൾ എത്തുകയാണ് വേണ്ടത്.

## നിരുപപ്ലവാ

*നശിക്കാത്ത്. ധാരാളമായി താഴേയ്ക്ക് ഒഴുകുന്ന അമൃതപ്രവാഹം.*

ഒരിയ്ക്കലും നശിയ്ക്കാവളാണ് ദേവി എന്ന ആശയത്തെ കുറിക്കുന്നു ഈ നാമം. എല്ലാം നശിച്ചാലും യാതൊന്നാണോ നശിയ്ക്കാതെയിരിക്കുന്നത് അതാണ് ദേവി.

നീര് എന്നതിന് ധാരാളം എന്നും ഉപ എന്നതിന് അരികെ എന്നും പ്ലവം എന്നതിന് ഒഴുകുന്നത് എന്നും അർത്ഥം പറഞ്ഞാൽ കുണ്ഡലിനിശക്തി സഹസ്രാരപദ്മത്തിൽ എത്തുമ്പോൾ ധാരാളമായി താഴേയ്ക്ക് ഒഴുകുന്ന അമൃതപ്രവാഹം എന്ന നിരുപപ്ലവാ എന്ന നാമത്തിന് അർത്ഥം വന്നുചേരുന്നു.

## നിത്യമുക്താ

*എക്കാലത്തും മുക്തയായവൾ. നിത്യന്മാരായിട്ടുള്ള മുക്തന്മാരോട് കൂടിയവൾ.*

ദേവിയെ കെട്ടിയിടാൻ ഒരു ശക്തിയ്ക്കും കഴിയില്ല. നേരെമറിച്ച് നമ്മൾ നിത്യമുക്തരല്ല. നമ്മളും ദേവിയും തമ്മിലുള്ള വ്യത്യാസമിതാണ്. നമുക്ക് പലതരത്തിലുള്ള ബന്ധനങ്ങളാണുള്ളത്. ഒരു ബന്ധനം നാം ജനിച്ചു എന്നതാണ്. നമ്മൾ മരിക്കും എന്നതാണ് മറ്റൊരു ബന്ധനം. ജനനമരണങ്ങൾക്കിടയിൽ നമ്മൾ പല പല സാഹചര്യങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുകയാണ്. നമുക്ക് സത്യത്തിൽ ഒരു സ്വാതന്ത്ര്യവുമില്ല. എന്നാൽ നമ്മൾ സ്വതന്ത്രരായിട്ട് ജീവിക്കുകയാണെന്നാണ് നമ്മുടെ വിചാരം. നമുക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യാം എന്ന തോന്നൽ ശരിയല്ല. ഓരോ സാഹചര്യത്തിലും എടുക്കുന്ന തീരുമാനം നമ്മുടെ സ്വന്തമാണെന്ന തോന്നലും ശരിയല്ല. ബുദ്ധിപരമായിട്ടല്ല തീരുമാനങ്ങളെടുക്കുന്നത്. വാസനാപ്രേരിതമായിട്ടാണ്. ദേവിയാണെങ്കിൽ അങ്ങനെയല്ല. ദേവി വാസനാബദ്ധയല്ല. ദേവിയ്ക്ക് ഒരു കാര്യം ചെയ്യാനും ചെയ്യാതിരിക്കുവാനും മാറ്റി ചെയ്യാനും അധികാരമുണ്ട്. അതുകൊണ്ട് ദേവിയെ നിത്യമുക്താ എന്നു വിളിക്കുന്നു. നിത്യമുക്തയാണ് ദേവി എന്നു കാണിക്കാനാണ് ചില ദേവി സങ്കല്പത്തിൽ

ദേവിയുടെ മുടി അഴിച്ചിട്ടിരിക്കുന്നത്. മുടി കെട്ടിയിട്ടാൽ ദേവി നിയന്ത്രണവിധേയയാണെന്നർത്ഥം. കെട്ടാതെയിരുന്നാൽ ദേവിയെ നിയന്ത്രിയ്ക്കാൻ ഒരു ശക്തിയുമില്ല എന്നർത്ഥം.

മുക്തന്മാർ എപ്പോഴും ദേവിയുടെ അടുത്തുണ്ടായിരിക്കും. അല്ലെങ്കിൽ അവർ ദേവിയായിരിക്കും. ബദ്ധരായ നമ്മൾ മുക്തന്മാരായാൽ നമ്മൾ ദേവിയായിത്തീരും. അഥവാ നിത്യമായി മുക്തന്മാരായ നമ്മൾ ദേവിയോടുകൂടിയിരിക്കും.

## നിർവികാരാ

*വികാരമില്ലാത്തവൾ.*

യാതൊരു വിധത്തിലുമുള്ള വികാരവും ദേവിയ്ക്കില്ല. സംഭവിയ്ക്കേണ്ടത് സംഭവിയ്ക്കേണ്ട സമയത്ത് സംഭവിയ്ക്കുന്നു. എന്തു സംഭവിച്ചാലും ദേവിയ്ക്ക് ഒരു വികാരവുമില്ല. വൈദ്യുതിപോലെ എല്ലാവരിലും ഒരുപോലെ ദേവി പ്രവർത്തിക്കുന്നു. പ്രപഞ്ചമായിത്തീരണമെന്ന ആഗ്രഹം പോലും ഇല്ലാത്തവൾ.

(തുടരും)

---

ഔഷധസസ്യങ്ങൾ – 27

# കൈതച്ചക്ക

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

പൈനാപ്പിൾ എന്ന ഇംഗ്ലീഷ് പേരിലാണ് ഈ സസ്യഫലം ലോകമെമ്പാടും അറിയപ്പെടുന്നത്. കൈതച്ചക്കകൊണ്ട് തയ്യാറാക്കിയ ശീതളപാനീയങ്ങളും ജാമുകളും ഇന്ന് ഏതു വിപണിയിലും ലഭ്യമാണ്. എളുപ്പത്തിൽ ക്ഷീണം മാറ്റാനും ദഹനേന്ദ്രിയത്തെ ശക്തിപ്പെടുത്താനുമുള്ള ശക്തിവിശേഷം ഇതിൽ അടങ്ങിയിരിയ്ക്കുന്നു.

ബ്രൊമിലിയേസി കുടുംബത്തിൽപ്പെട്ട കൈതച്ചക്കയുടെ ശാസ്ത്രനാമം അനാനാസ് കോമോസസ് എന്നാണ്. സംസ്കൃതത്തിൽ ബഹുനേത്രം, ആനാരസം, പാർവ്വതി തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. നാട്ടിൻപുറങ്ങളിൽ അതിർത്തിയോടുചേർന്ന് വേലിപോലെ വളർത്താറുണ്ട്.

ഔഷധഗുണത്തെപ്പറ്റിയാണെങ്കിൽ ദഹനം ത്വരിതപ്പെടുത്തുന്നു. ചുമ, തൊണ്ടസംബന്ധമായ അസുഖങ്ങൾ ശമിപ്പിയ്ക്കുന്നു. ഇലയുടെ നീരിനുപോലും കൃമിഹരശക്തിയുണ്ട്. ഫലമാണ് പ്രധാനമായും ഔഷധമായുപയോഗിയ്ക്കുന്നത്. ഔഷധപ്രയോഗങ്ങൾ പ്രധാനമായും പഴുത്ത കൈതച്ചക്ക ഒരെണ്ണം കൊത്തിയരിഞ്ഞ് അതിൽ ആടലോടകത്തില അമ്പത് ഗ്രാം ചേർത്ത് ഒരു മുറി തേങ്ങയുടെ പീരചേർത്ത് ആവിപോകാതെ വേവിയ്ക്കുക. അതിൽ 200 ഗ്രാം കൽക്ക

ണ്ടം ചേർത്ത് ചൂടാക്കി യോജിപ്പിയ്ക്കുക. ഇത് ദിവസേന 10 മുതൽ 15 ഗ്രാം വരെ മൂന്നോ നാലോ പ്രാവശ്യമായി സേവിച്ചാൽ തൊണ്ടയിലിരുന്ന് കുറുകുന്ന വരണ്ട ചുമ ഭേദമാകും. കൂടാതെ ശരീരക്ഷീണവും മാറും.

മാംസ്യാഹാരത്തിന്റെ അമിത ഉപയോഗംവഴി സംഭവിച്ച ദഹനക്കുറവിന് കൈതച്ചക്ക കുഞ്ഞുകളഞ്ഞ് തിന്നുകയോ നീരു കുടിയ്ക്കുകയോ ചെയ്യുന്നത് ഫലവത്താണ്. കുഞ്ഞ് നാവിൽ ചൊറിച്ചിൽ ഉണ്ടാക്കും.

തൊണ്ടവീക്കം ഇതോടനുബന്ധിച്ച മറ്റു അസുഖമുള്ളവർ കൈതച്ചക്ക അല്പാല്പമായി നുണഞ്ഞിറക്കുന്നത് ഫലപ്രദമാണ്.

അല്പമായും വേദനയോടെയുമുള്ള മാസമുറ (മെൻസസ്) യുള്ളവർ കൈതച്ചക്ക തിന്നുന്നത് നല്ലതാണ്.

ഇതിന്റെ ഇലയുടെ നീര് 5 മുതൽ 10 മി. വരെ കൽക്കണ്ടം ചേർത്ത് സേവിയ്ക്കുന്നത് ഇക്കിൾ ശമിയ്ക്കാൻ ഏറ്റവും ഫലപ്രദമാണ്.

---

### മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (8)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

നന്വേവം വിധേ പരതത്ത്വേ ജഗദ്ഭാതീതി യത് പ്രതിപാദിതം തത് കഥമേതത് സ്യാദ്യാവതാ പരതത്ത്വാപേക്ഷയാ ന കിഞ്ചിദ്ഭേദേന ഭാതും പ്രഗൽഭേത. തതോ ഭിന്നം ചേത് ജഗദ്ഭാസതേ തദാദ്വയവാദഖണ്ഡനാഭിന്നം ചേത് ജഗത് പ്രകാശത ഇതി കഥം വാചോ യുക്തിരിതി ദൃഷ്ടാന്തദ്വാരേണ തദ്ഭേദാഭേദരൂപം തത്ത്വമുപദർശയൻ ഏതത് സമർത്ഥനായാഹ.

*12. ദർപ്പണബിംബേ യദ്വന്നഗരഗ്രാമാദി ചിത്രമവിഭാഗി*
*ഭാതിവിഭാഗേനൈവ ച പരസ്പരം ദർപ്പണാദപി ച.*

*13. വിമല തമ പരമഭൈരവബോധാത്തദ്വിദ്വിഭാഗശൂന്യമപി*
*അന്യോന്യം ച തതോഽപി ച വിഭക്തമാഭാതി ജഗദേതത്*

പരിഭാഷ - നേരത്തെ പറഞ്ഞ പ്രകാരമുള്ള പരതത്ത്വത്തിൽ ജഗത്ത് പ്ര

കാശിക്കുന്ന (നിലനില്ക്കുന്നു) എന്നു വരികിൽ അതെത്രത്തോളം ശരിയാകും? കാരണം പരമമായതിൽനിന്നും വേറൊന്നിനും വ്യത്യസ്തമായി പ്രകാശിക്കുക സാദ്ധ്യമല്ല. ഇനി അത് ഭിന്നമായി പ്രകാശിക്കുന്നുവെങ്കിൽ അത് അദ്വയവാദ ഖണ്ഡനം ആയിത്തീരും. അത് അഭിന്നമാണെങ്കിൽ അത് യുക്തിരഹിതമായ തുമാണ്. ഇത് ദൃഷ്ടാന്തസഹിതം തെളിയിക്കുന്നതിന് ആ പരമതത്ത്വത്തിന്റെ ഭേദാഭേദരൂപമായ തത്ത്വത്തെ വിശദീകരിച്ച് അതിനെ സമർത്ഥിക്കുന്നു.

## സാരം

12. ഏതു പ്രകാരമാണോ വിചിത്രങ്ങളായ നഗരം, ഗ്രാമം എന്നിവ പരസ്പരം അഭിന്നമായിരുന്നിട്ടുകൂടി കണ്ണാടിയിൽ അതെല്ലാം വെവ്വേറെയായി കണ്ണാടിയിൽനിന്നുതന്നെ ഭിന്നമായി കാണപ്പെടുന്നത്.

13. അപ്രകാരം തന്നെ അത്യന്തം നിർമ്മലമായ പരമഭൈരവബോധത്തിൽനിന്നും അഭിന്നമായിട്ടുകൂടി ജഗത്ത് മുഴുവനും പരസ്പരവും ആ പരമതത്ത്വത്തിൽനിന്നും ഭിന്നമായും പ്രകാശിക്കപ്പെടുന്നു.

## വിവൃതി

യഥാ നിർമ്മലേ മുകുരാന്തരാളേ നഗരഗ്രാമപുരപ്രാകാരാട്ടസ്ഥലനദനദീജ്വലനവൃക്ഷപർവ്വതപശുപക്ഷി സ്ത്രീപുരുഷാദികം സർവ്വം പ്രതിബിംബതയാ ചിത്രം സ്വാലക്ഷണ്യേന നാനാരൂപം ഭാസതേ അവിഭാഗി ദർപ്പണാദവിഭക്തം സത്ഭാതി തദഭേദേനൈവാന്താകാരം സമർപ്പയതി തത്രാഭേദേന ഭാസമാനമപി ഭാതി വിഭാഗേനൈവ ച പരസ്പരം ഇത്യന്യോന്യ സ്വാലക്ഷണ്യേന ഘടാത് പടോഭിന്നഃ പടാത് ഘട ഇതി വിഭക്തതയാ സ്ഫുരതി. തദന്തർഗതാ ഹി ഭാവാ ഏവ പൃഥക്ത്വേന പരാമൃശ്യന്തേ ന പുനസ്തം ദർപ്പണം ത്യക്ത്വാ പൃഥക്കിംചിദുപലഭ്യതേ കിന്തു ദർപ്പണ സാമരസ്യേന സ്ഥിതമപി സർവ്വതോഭിന്നം ജഗത് പ്രതീയതേ. ഏവമപി ഘടാദി പ്രതിബിംബേന ദർപ്പണസ്തർഹ്യന്തർഹിതഃ സ്യാദിത്യേന തന്നേത്യാഹ ദർപ്പണാദപി ച ഇതി. ന കേവലം സ്വയം ഭാവാ ദർപ്പണാന്തർഗ്ഗതാ അപിഭിന്നാഃ പ്രകാശന്തേ യാവദ്ദർപ്പണാദപി വ്യതിരിച്യന്തേ യതോ ദർപ്പണസ്തത്തത് പ്രതിബിംബമയോ/പി തേഭ്യഃ പ്രതിബിംബേഭ്യഃ സമുത്തീർണ്ണസ്വരൂപതയാ ച കാസ്തി ന പുനസ്തന്മയഃ സംപദ്യതേ യേന ച ന ദർപ്പണ ഇതി പ്രതീതഃ സ്യാത്. സർവ്വസ്യ പുനസ്തത്തത് പ്രതിബിംബ ഗ്രഹണോ/പി ദർപ്പണോ/യമിത്യബാധിതാ പ്രതിപത്തി. നാപി ഘടാദിദർപ്പണം വിശിനഷ്ടിയേനായം ഘടദർപ്പണോ/യം പടദർപ്പണ ഇതി സ്വസ്വരൂപതാ ഹാനിരത്രജായതേ. ദേശകൃതഃ കാലകൃതോ വാ ഭേദോ ന തത്ര സ്വഭാവ വിപ്രലോപായ ഭവതി. തസ്മാത്തത് പ്രതിബിംബ സഹിഷ്ണുഃ സൻ സ്വാത്മനി ദർപ്പണോ ദർപ്പണ ഏവേതി ന കാചിത് പ്രതിബിംബവാദക്ഷതിഃ അഥോച്യതേ

ഭ്രാന്തിരേഷ യദ്ഗതദർപ്പണേ ഹസ്തീതി പരാമൃശ്യതേ ന തു പുനർദർപ്പണേ കശ്ചിദ് വിദ്യതേ തഥാത്വേനാർത്ഥക്രിയാവിരഹാദ് ഭ്രാന്ത്യൈവൈഷ നിശ്ചയ ഇതി. ഏതാവതാ പ്രതിബിംബവാദേന ദൃഷ്ടാന്തസ്താവത്സിദ്ധഃ. ഭ്രാന്തേസ്തു സ്വരൂപം സമനന്തരം നിരൂപ്യതേ. തദ്വത് തഥൈവ ദർപ്പണ നഗരാദി പ്രതിബിംബ ദൃഷ്ടാന്തേന വിമലതമപരമഭൈരവബോധാത് അതിശയേന വിഗലിത കാലികാത് പൂർണ്ണാനന്ദോദ്രിക്താത് പ്രകാശാത് ജഗത് വിശ്വം വിഭാഗ ശൂന്യമപി ദർപ്പണപ്രതിബിംബ ഖത് തതഃ പ്രകാശാദി വിഭക്തമപി നാനാരൂപം പ്രഥതേ തതോഽപി ച ഇതി. ബോധാദപൃഗ്ഭൂതമിവ ആഭാതി യതോബോധസ്തദ്രൂപതയാപി പ്രഥമാനസ്തതഃ സമുത്തീർണ്ണഃ പ്രഥതേ യഥാ പ്രതിബിംബേഭ്യോ ദർപ്പണഃ ഏവമപി വിശ്വഭാവപ്രതിബിംബ സഹിഷ്ണുഃ പ്രകാശോ വിശ്വഭാവേഭ്യഃ സമുത്തീർണ്ണഃ സർവ്വസ്യാനുഭവിതൃതയാ സ്വസ്വരൂപേണ പ്രഥതേ ഭാവഗതോഽപിദേശകാലാകാരഭേദഃ കേവലമത്രപ്രകാശതേ ദർപ്പണവന്നപുനഃ സ്വം രൂപം സംഭിനത്തി. അത ഏവൈകാനേകസ്വരൂപോപി ബോധ ഏക ഏവ ബോധാഭ്യുപഗതചിത്രജ്ഞാനവത്. കിന്തുദർപ്പണ പ്രകാശാത് സ ചമത്കാരസ്യ ചിത്പ്രകാശസ്യേയാൻവിശേഷോ യദ്ദർപ്പണേ സ്വച്ഛതാമാത്ര സനാഥേഭിന്നം ബാഹ്യമേവ നഗരാദി പ്രതിബിംബത്വേനാഭിമതം ഭാതി ന തു സ്വനിർമ്മിതമതോ ദർപ്പണേഽയം ഹസ്തീതിയോ നിശ്ചയഃ സ ഭ്രാന്തഃ സ്യാത് പ്രകാശഃ പുനഃ സ്വചമത്കാരസാരഃ സ്വേച്ഛയാ സ്വാത്മഭിത്താവഭേദേന പരാമൃശൻ സ്വസംവിദുപാദാനമേവ വിശ്വമാഭാസയതി. വിശ്വസ്യാഭാസനമേവ നിർമ്മാതൃത്വം ഭഗവത ഇതി പരാമർശ ഏവ പ്രകാശസ്യ ജഡാദർപ്പണപ്രകാശാദേർവ്വൈലക്ഷണ്യാപാദകം മുഖ്യം രൂപമിതി. ഏതദേവ ഗ്രന്ഥകൃതാ വിവൃതി വിമർശിന്യാമുക്തം.

*അന്തർവ്വിഭാതി സകലം ജഗദാത്മനീഹ യദ്വദ്വിചിത്രരചനാമകുരാന്തരാളേ*
*ബോധഃ പുനർനിജവിമർശനസാരയുക്ത്യാ വിശ്വം പരാമൃശതി നോമകുരസ്തഥാ തു.*

ഇത്ഥം പരമേശ്വരാപേക്ഷയാ സ്വാംഗനിർമ്മിതേ ഭാവരാശൗ ന കാചിദ്ഭേദഭ്രാന്തിഃ മായാ പ്രമാതൃപേക്ഷയാ തു യോഽയം ഭേദാവഭാസ ഏഷാ പൂർണ്ണത്വാഖ്യാതിരൂപാ ഭ്രാന്തിഃ പൂർണ്ണസ്യാദ്വയാത്മനോ രൂപസ്യാഖ്യാ നമ പ്രഥാപൂർണ്ണം ന ഭാസതേ കിന്ത്വപൂർണ്ണം ദ്വയരൂപം ഭാസതേ ഭേദ ഏവ പ്രതീയത ഇതി യാവത്. തസ്മാന്നിരവദ്യോയം പ്രതിബംബവാദഃ.

## പരിഭാഷ

എപ്രകാരമാണോ നിർമ്മലമായ കണ്ണാടിയിൽ നഗരം, ഗ്രാമം, കൊട്ടാരം,

മതിൽ, മാളിക, സ്ഥലം, ജലപ്രവാഹം, നദി, തീ, വൃക്ഷം, പർവ്വതം, പശു, പക്ഷി, സ്ത്രീ, പുരുഷൻ തുടങ്ങിയവ പ്രതിബിംബങ്ങളായതിനാൽ ഭിന്നമായി തന്റെ തന്റെ സ്വരൂപങ്ങളാൽ പ്രകാശിക്കപ്പെടുന്നു. കണ്ണാടിയിൽനിന്നും ഭിന്നമല്ലാതെതന്നെ അതിനോടൊപ്പം ഭേദം കൂടാതെ സ്വന്തം ആകാരത്തെ അതിൽ സമർപ്പിച്ച് അഭേദമായി കാണപ്പെടുമ്പോൾ തന്നെ പരസ്പരം ഭിന്നമായിരിക്കുന്നു. കുടത്തിൽനിന്നും പടം (പായ) പടത്തിൽനിന്നും കുടം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ ഭിന്നമായിരിക്കുന്നു. കണ്ണാടിയുടെ ഉള്ളിലുള്ള പദാർത്ഥങ്ങൾ മാത്രമാണ് വെവ്വേറെയായി കാണപ്പെടുന്നത്. ആ കണ്ണാടിയില്ലാതെ അതിൽനിന്നും വ്യത്യസ്തമായി വേറൊന്നും തന്നെയില്ല. കണ്ണാടിയോടു സാമരസ്യം പ്രാപിച്ചുനില്ക്കുമ്പോൾത്തന്നെ ജഗത്ത് ഭിന്നമായി കാണപ്പെടുന്നു. ഘടാദികളുടെ പ്രതിബിംബിക്കൽ കണ്ണാടിയെയും ബാധിക്കുന്നില്ല കാരണം അതിൽ പ്രതിബിംബിച്ചരിക്കുന്ന പദാർത്ഥം അതിൽനിന്നും ഭിന്നമായിത്തന്നെയിരിക്കുന്നു. പദാർത്ഥങ്ങൾ സ്വയം ഒന്നിൽനിന്നും വ്യത്യസ്തമായി കാണപ്പെടുകയും അതിനെ പ്രതിബിംബിക്കുന്ന ദർപ്പണവും ഇവയിൽനിന്നും ഭിന്നമായിരിക്കുകയും ചെയ്യുന്നു. കാരണം ദർപ്പണം എന്ന പദാർത്ഥം പ്രതിബിംബത്തോടുകൂടിയതായി നിലനില്ക്കുമ്പോൾതന്നെ അതിൽനിന്നും പരമായിരിക്കുന്നു. ദർപ്പണം പ്രതിബിംബിച്ചിരിക്കുന്നവയോടു താദാത്മ്യം പ്രാപിക്കാതെ ഇത് ദർപ്പണമല്ല എന്ന ഭാവത്തോടുകൂടാതെ നിലനില്ക്കുന്നില്ല.

എല്ലാവർക്കും ദർപ്പണത്തിൽ പ്രതിബിംബത്തെ ദർശിക്കുക എന്ന അനുഭവം ഉണ്ടായിട്ടുകൂടി 'ഇത് ദർപ്പണമാണ്'' എന്ന ജ്ഞാനം സർവ്വദാ നിലനില്ക്കുന്നുണ്ട്. ഘടാദികളായ പദാർത്ഥങ്ങൾ ഈ കണ്ണാടിയെ ഇത് ഘടദർപ്പണം, ഇത് പടദർപ്പണം എന്നിങ്ങനെ വിശേഷിപ്പിച്ച് അതിന്റെ സ്വരൂപത്തെ നശിപ്പിക്കുന്നില്ല. ദേശകൃതങ്ങളും കാലകൃതങ്ങളുമായ ഭേദങ്ങളും അതിന്റെ സ്വരൂപത്തെ നശിപ്പിക്കുന്നില്ല. ഇപ്രകാരം വിഭിന്ന പ്രതിബിംബങ്ങളെ ഗ്രഹിക്കാൻ കഴിവുള്ളതായിരിക്കുമ്പോൾത്തന്നെ കണ്ണാടി സ്വസ്വരൂപത്തിൽത്തന്നെ നിലകൊള്ളുന്നു. ഇപ്രകാരം പ്രതിബിംബവാദത്തിന് യാതൊരു പ്രകാരത്തിലുള്ള ഹാനിയും സംഭവിക്കുന്നില്ല.

കണ്ണാടിയിൽ പ്രതിബിംബച്ചിരിക്കുന്നത് ഭ്രാന്തിയാണെന്നു വേണമെങ്കിൽ പറയാൻ സാധിക്കും. ഉദാഹരണത്തിന് കണ്ണാടിയിൽ ആനയുണ്ടെന്നു പറഞ്ഞാൽ അതു ശരിയല്ല. കാരണം, പ്രതിബിംബിച്ചരിക്കുന്ന രൂപത്തിന് അർത്ഥക്രിയകൾ (സ്വന്തമായ സ്വഭാവമോ കർമ്മം ചെയ്യാനുള്ള കഴിവോ) ഇല്ല. അതിനാലത് ഭ്രാന്തിതന്നെ. ഇതുകൊണ്ടെല്ലാം പ്രതിബിംബവാദത്തിന്റെ ദൃഷ്ടാന്തം സിദ്ധമായി. ഭ്രാന്തിയുടെ സ്വരൂപത്തെ പിന്നീട് വിവരിക്കാം. ദർപ്പണനഗരം, പ്രതിബിംബം എന്നീ ദൃഷ്ടാന്ത ങ്ങളാൽ അത്യന്തം ശുദ്ധമായ പരമഭൈരവബോധത്താൽ,എന്നുവച്ചാൽഅത്യന്തംവിഗലിതമായ(ഇല്ലാതായിപ്പോയതായ) മാലിന്യങ്ങളെക്കൊണ്ട് പൂർണ്ണആനന്ദത്തിലെത്തിയതായ പ്രകാശത്താൽ

വിശ്വം ദർപ്പണപ്രതിബിംബത്തെപ്പോലെ അഭിന്നമാകുന്നു. എന്നിട്ടും പരസ്പരം ഗ്രാഹ്യം ഗ്രാഹകം എന്നിങ്ങനെ വിഭക്തമായി നാനാരൂപങ്ങളിൽ പ്രകാശിക്കുന്നു. എന്നിട്ട് ആ പരമബോധത്തിൽനിന്നും ഭിന്നമായിരിക്കുന്നു. കാരണം, ആ ബോധം ജഗത്തിന്റെ രൂപത്തിൽ പ്രകാശിക്കുമ്പോഴും അതിൽനിന്നും പരമായിരിക്കുന്നു. പ്രതിബിംബവും ദർപ്പണവുംപോലെ. ഇപ്രകാരം വിശ്വമാകുന്ന പ്രതിബിംബങ്ങളെ കാണിക്കുമ്പോൾത്തന്നെ ആ പ്രകാശം വിശ്വഭാവത്തിനുമുകളിലായി എല്ലാത്തിന്റെയും അനുഭവിതാവായി സ്വസ്വരൂപത്തിൽ വിരാജിക്കുന്നു. ദേശം, കാലം, ആകൃതി എന്നിവയോടുകൂടിയതായിട്ടും ആ പരമബോധം കണ്ണാടിയെപ്പോലെ സ്വരൂപത്തെ കൈവെടിയുന്നില്ല. പരമബോധം ഏകം അനേകം എന്നീ സ്വരൂപത്തോടുകൂടിയതായാലും അത് ഒന്നുതന്നെയാണ്. ഏതുപോലെയാണോ ബോധത്തിൽ വിവിധ ചിത്രജ്ഞാനങ്ങൾ അനേകമായിട്ടുകൂടി ഏകമായി പ്രകാശിക്കുന്നത് അതുപോലെ. എന്നാൽ കണ്ണാടിയിൽ പ്രതിബിംബിക്കുന്നതിൽനിന്നും ചമത്കാര സമന്വിതമായ ചൈതന്യത്തിന്റെ പ്രകാശത്തിന് ഉള്ള വ്യത്യാസം കണ്ണാടിയിൽ പ്രതിബിംബിക്കുന്നതൊന്നും കണ്ണാടി സ്വയം നിർമ്മിക്കുന്നതല്ല, മാത്രമല്ല അവ കണ്ണാടിയിൽനിന്നും വ്യത്യസ്തവുമാണ് അതിനാൽ അതിൽ പ്രതിബിംബിച്ചിരിക്കുന്ന ആനയെ കണ്ടാൽ ഇത് യഥാർത്ഥ ആനയാണെന്ന തോന്നൽ തികച്ചും ഭ്രാന്തിയായിരിക്കും. എന്നാൽ പ്രകാശത്തിന്റെ സാരം അതിന്റെതന്നെ ആവിഷ്കരണമാണ്. അത് സ്വേച്ഛകൊണ്ടുതന്നെ അവനവനാകുന്ന ഭിത്തിയിൽ അഭേദരൂപത്തിൽത്തന്നെ നിലനിന്ന് സ്വയംതന്നെ ഉപാദാനമായ വിശ്വത്തെ പ്രകാശിപ്പിക്കുന്നു. വിശ്വത്തിന്റെ പ്രകാശിപ്പിക്കൽതന്നെയാണ് ശിവനെ സംബന്ധിച്ചിടത്തോളം അതിന്റെ നിർമ്മാണം. ഈ പരാമർശം തന്നെയാണ് പ്രകാശവും ജഡമായ ദർപ്പണപ്രകാശവും തമ്മിലുള്ള പ്രധാന വിലക്ഷണം. ഈ വിഷയംതന്നെ ഗ്രന്ഥകാരൻ (ശ്രീമദഭിനവഗുപ്തപാദർ) ഈശ്വരപ്രത്യഭിജ്ഞാവിവൃതിവിമർശിനിയിൽ പറയുന്നു.

"എപ്രകാരമാണോ വിചിത്രങ്ങളായ സൃഷ്ടികൾ ദർപ്പണത്തിനകത്ത് കാണപ്പെടുന്നത് അതുപോലെ ആ പരമബോധസ്വരൂപത്തിനകത്ത് ജഗത്ത് സ്ഥിതിചെയ്യുന്നു. ബോധം തന്റെ വിമർശശക്തിമൂലം ജഗത്തിനെ പ്രകാശിപ്പിക്കുന്നു. എന്നാൽ ദർപ്പണം ആ വിമർശശക്തിയുടെ അഭാവംമൂലം അതു ചെയ്യുന്നില്ല."

ഇപ്രകാരം പരമബോധത്തെസ്സംബന്ധിച്ചിടത്തോളം അവനവനിൽനിന്നും നിർമ്മിച്ചതായ ഭാവരാശിയിൽ ഭേദഭ്രാന്തിയില്ല. മായാപ്രമാതാവിന്റെ ദൃഷ്ടിയിൽ ഉള്ള ഭേദഭാവം എന്നത് ഈ പൂർണ്ണത്വജ്ഞാനത്തിന്റെ അഭാവം മൂലമുള്ള ഭ്രാന്തിയാണ്. കാരണം പൂർണ്ണത്വത്തിന്റെ അറിവില്ലാത്തതിനാൽ അപൂർണ്ണമായ ഭേദം തന്നെയായി അറിയപ്പെടുന്നു. അതിനാൽ മുകളിൽ വിവരിച്ച പ്രതിബിംബവാദം തെറ്റില്ലാത്തതാണ്.

(തുടരും)

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി (9)

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞ ലക്കം തുടർച്ച)

സർവ്വാത്മപരേഭാവനാ എന്ന നാമത്തിലുള്ള രണ്ടാം സ്തോത്രം

## ശ്ലോകം 1

*അഗ്നീഷോമരവിബ്രഹ്മവിഷ്ണുസ്ഥാവരജങ്ഗമ-*
*സ്വരൂപ ബഹുരൂപായ നമഃ സംവിന്മയായ തേ.*

സാരം - അഗ്നി, ചന്ദ്രൻ, സൂര്യൻ, ബ്രഹ്മാവ്, വിഷ്ണു, സ്ഥാവരജങ്ഗമങ്ങ (പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും) ളുടെയൊക്കെ സ്വരൂപവും വിശ്വോത്തീർണനും നാനാരൂപധാരിയുമായ അങ്ങേയ്ക്ക് നമസ്കാരം.

വ്യാഖ്യാനം - അഗ്നീഷോമരവിഭിർദാഹാപ്യായപ്രകാശകാരീച്ഛാക്രിയാജ്ഞാനരൂപസ്യ ശക്തിത്രയസ്യ, ബ്രഹ്മവിഷ്ണുഭ്യാമധിഷ്ഠാതൃദേവതാവർഗസ്യ, സ്ഥാവരജങ്ഗമാഭ്യാമധിഷ്ഠിതസ്യ പ്രമേയപ്രമാതൃരാശേശ്ച സ്വീകൃതത്വാദ്വിശ്വാത്മനഃ ആമന്ത്രണമിദം സ്വരൂപേത്യന്തം. തേന അഗ്നീഷോമരവിബ്രഹ്മവിഷ്ണുസ്ഥാവരജങ്ഗമസ്വരൂപ ഹേ പരമേശ്വര![1] പഞ്ചഭൃതാനി ജങ്ഗമാനാമപി ഭൃതദേഹത്വാത്. ഏവം ച അഗ്നിസോമസൂര്യസ്ഥാവരജങ്ഗമൈരഷ്ടമൂർത്തിതയാ, ബ്രഹ്മവിഷ്ണൂപലക്ഷിതാശേഷാധിഷ്ഠാതൃതയാ വിശ്വമയത്വം. അത ഏവ ബഹുരൂപായേത്യുക്തം. ഏവം വിശ്വരൂപത്വേപി പ്രധാനസ്യ സ്വരൂപമാഹ 'സംവിന്മയായ' - ഇതി ഏതദേവ ഹി സംവിന്മയത്വം, യത്സ്വാതന്ത്ര്യോല്ലാസിതാശേഷവിശ്വനിർഭരത്വം.

പരിഭാഷ - അഗ്നി, ചന്ദ്രൻ, സൂര്യൻ ഇവകളെന്നു പറയുന്നത് ദഹിപ്പിക്കുന്നവനും നനയ്ക്കുന്നവനും പ്രകാശകാരിയും ഇച്ഛാക്രിയാജ്ഞാനരൂപത്തോടുകൂടിയതുമായ ശക്തിത്രയമാണ്. ബ്രഹ്മവിഷ്ണുക്കൾ അധിഷ്ഠാന ദേവതാവർഗ്ഗങ്ങളാണ്.

1. പരമേശ എന്ന് ഒരു പാഠം.

സ്ഥാവരജങ്ഗമങ്ങൾക്ക് അധിഷ്ഠാനമായ പ്രമേയ പ്രമാതൃരാശികൾ സ്വീകരിച്ച വിശ്വാത്മാവിനെ സംബോധന ചെയ്യുന്നതാണ് സ്വരൂപംവരെയുള്ളത്. അങ്ങനെയുള്ള അഗ്നിചന്ദ്രസൂര്യബ്രഹ്മവിഷ്ണുസ്ഥാവരജങ്ഗമ സ്വരൂപനായ അല്ലയോ പരമേശ്വരാ!

പഞ്ചഭൂതങ്ങളാണ് ജങ്ഗമങ്ങൾക്ക് (മനുഷ്യാദികൾക്ക്) ദേഹമായിട്ടുള്ളത്. അപ്രകാരംതന്നെ അഗ്നിചന്ദ്രസൂര്യസ്ഥാവരജങ്ഗമങ്ങളോടും കൂടിയ അഷ്ടമൂർത്തികളും ബ്രഹ്മവിഷ്ണുക്കളെ ഗ്രഹിച്ചവനും എല്ലാത്തിന്റേയും അധിഷ്ഠാനവുമാണ് വിശ്വമയത്വം. അതുകൊണ്ട് തന്നെയാണ് നാനാരൂപനാണെന്ന് പറയുന്നത്. ഇപ്രകാരം വിശ്വരൂപത്തിലും പ്രധാനത്തിന്റെ സ്വരൂപം സംവിന്മയം ആണ്. യാതൊരു സ്വാതന്ത്ര്യംകൊണ്ടാണോ പ്രപഞ്ചം നിറഞ്ഞുനില്ക്കുന്നത്, അതുതന്നെയാണ് സംവിന്മയത്വം.

## ശ്ലോകം 2

*വിശ്വേന്ധനമഹാക്ഷാരാനുലേപശുചിവർച്ചസേ*
*മഹാനലായ ഭവതേ വിശ്വൈക ഹവിഷേ നമഃ*

സാരം - വിശ്വമാകുന്ന ഇന്ധനത്തിന്റെ കത്തലിനാൽ ഉണ്ടായ ഭസ്മം അനുലേപനം (പൂരട്ടുക) ചെയ്യുകവഴി ശുദ്ധമായ തേജസ്സോടുകൂടിവനും വിശ്വമാകുന്ന ഒരേയൊരു ഹവിസ്സും മഹാ അഗ്നിയുമമായ അങ്ങേയ്ക്ക് നമസ്കാരം.

വ്യാഖ്യാനം - ഭവതേ മഹാനലായ - പരപ്രമാതൃവഹ്നയേ നമഃ, കീദൃശായ? വിശ്വസ്യ - ഭേദരാശേരിന്ധനരൂപസ്യ സംബന്ധി യന്മാഹാക്ഷാരം - ഭസ്മ, തത്സംഹാരശേഷഃ സംസ്കാരഃ, തേന യദനുലേപനം - സംസ്കാരസംഹകരേണാപി പ്രമാതൃത്തേജനം, തേന ശുചി - ശുദ്ധമദ്വയരൂപം വർച്ചസ്തേജേ, യസ്യ തസ്മൈ അഥ.

"ശുചിർനാമാഗ്നിരുദിതഃ സംഘർഷാത്സോമസൂര്യയോഃ" ഇത്യാഗമികഭാഷയാ ശുചിനാമ്നേ തേജസേ. വിശ്വമേകം ഹവിർയസ്യേത്യനേന അത്യന്തദീപ്തത്വമുച്യതേ. ശ്രീമന്മതാദ്യാഗസ്ഥിത്യാ[2] രഹസ്യചര്യാർത്ഥസ്യാത്ര സൂചനാദ്വിരോധച്ഛായാപി.

പരിഭാഷ - പരപ്രമാതൃവഹ്നിയാകുന്ന (മഹാഗ്നിയാകുന്ന) അങ്ങേയ്ക്ക് നമസ്കാരം. എപ്രകാരത്തിലുള്ളത്? വിശ്വമാകുന്ന ഭേദരാശിയുടെ കത്തലിനാൽ ഉണ്ടാകുന്ന സംഹാരശേഷമാകുന്ന സംസ്കരിച്ച ഭസ്മം പുരട്ടുകവഴി, ഭസ്മത്താൽ ഉണ്ടാകുന്ന സംസ്കാരംപോലും അനുലേപനത്താൽ സംഹരിക്കപ്പെട്ട തേജസ്സോടുകൂടിയ ശുദ്ധമായ അദ്വയരൂപത്തോടുകൂടിയ അങ്ങേയ്ക്ക് നമസ്കാരം.

---

2. 'ശ്രീമതങ്ഗാദ്യാഗമസ്ഥിത്യാ' എന്ന് ഒരു പാഠം.

"സോമസൂര്യന്മാരുടെ സംഘർഷത്താൽ ഉണ്ടായ അഗ്നിയെയാണ് ശുദ്ധമായത് എന്നു പറയുന്നത്."

ആഗമികഭാഷയിൽ ശുദ്ധമായത് എന്നാൽ തേജസ്സാണ്. വിശ്വംതന്നെയാണ് ഹവിസ്സ് (ഹോമിക്കേണ്ട വസ്തു). അത് അത്യന്തം ദീപ്തവുമാണ്. ശ്രീമാതംഗാഗമപ്രകാരം ഇത് രഹസ്യചര്യയാണ്.

## ശ്ലോകം 3

*പരമാമൃതസാന്ദ്രായ ശീതളായ ശിവാഗ്നയേ*
*കസ്മൈചിദ്വിശ്വസംപ്ലോഷവിഷമായ നമോസ്തു തേ.*

സാരം - പരമാമൃതം ഘനീഭവിച്ചതും ശീതളമായതും വിശ്വത്തിന്റെ കത്തലിനാൽ ഭയങ്കരമായതുമായ ഏകമായ അഗ്നിസ്വരൂപനുമായ അങ്ങേയ്ക്ക് നമസ്കാരം.

വ്യാഖ്യാനം - ചിദാനന്ദഘനത്വാത് പരമാമൃതസാന്ദ്രത്വം. ഭവതാപഹാരിത്വാച്ഛീതലത്വം. അഗ്നേശ്ച കഥമാർദ്രത്വശീതളത്വേ ഇതി വിരോധാഭാസച്ഛായാ. കസ്മൈചിദിതി - അലൗകികസ്വരൂപായ.

പരിഭാഷ - പരമാമൃതം ഘനീഭവിച്ചതെന്നു പറയുന്നത് ചിദാനന്ദം ഘനീഭവിച്ചതാണ്. സംസാരമാകുന്ന താപത്തിന്റെ ഇല്ലാതാകലിനാൽ ശീതളമായത്. അഗ്നിക്ക് എങ്ങനെയാണ് ആർദ്രത്വവും ശീതളത്വവും എന്ന് വിരോധാഭാസാലങ്കാരം. ഏകമായത് എന്നത് അലൗകികസ്വരൂപത്തെ ധ്വനിപ്പിക്കുന്നു.

## ശ്ലോകം 4

*മഹാദേവായ രുദ്രായ ശങ്കരായ ശിവായ തേ*
*മഹേശ്വരായാപി നമഃ കസ്മൈചിന്മന്ത്രമൂർത്തയേ.*

സാരം - മഹാദേവനായ, രുദ്രനായ, ശങ്കരനായ, ശിവനായ, മഹേശ്വരനായ ഏകമായ മന്ത്രമൂർത്തിയുമായ അങ്ങേയ്ക്ക് നമസ്കാരം.

വ്യാഖ്യാനം - ദേവഃ - സൃഷ്ട്യാദിക്രീഡാപരഃ, വിശ്വോത്കർഷശാലിതയാ വിജിഗീഷുഃ, അശേഷവ്യവഹാരപ്രവർത്തകഃ ദ്യോതമാനഃ, സർവ്വസ്യ സ്തോതവ്യോ ഗന്തവ്യശ്ച, ദീവ്യതേ ക്രീഡാദ്യർത്ഥത്വാത്, സ ച മഹാൻ - ബ്രഹ്മാദീനാമപി സർഗാദിഹേതുത്വാത്.[3] വിശ്വസ്യ ചിത്പദേരോദനാത് ദ്രാവണാച്ച രുദ്രഃ പൂർണ്ണാഹന്താ പരാമർശമയത്വാന്മന്ത്രമൂർത്തിഃ

പരിഭാഷ - ദേവനെന്നു പറയുന്നത് സൃഷ്ട്യാദികളിൽ ക്രീഡാപരനും വിശ്വത്തിന് മുകളിലേക്ക് ജയിക്കാൻ ആഗ്രഹിക്കുന്നവനും, എല്ലാ പ്രവൃത്തികളുടേയും

---

3. സർഗസ്ഥിത്യാദിഹേതുത്വാത് എന്ന് ഒരു പാഠം.

പ്രവർത്തകനും, പ്രകാശസ്വരൂപിയും എല്ലാവരാലും സ്തുതിക്കപ്പെടുന്നവനും, എല്ലാവരും ചെല്ലേണ്ടവനും ആണ്. ദീവ്യതെ എന്നുള്ളത് ക്രീഡാർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. അങ്ങനെയുള്ള മഹാൻ എന്നു പറയുന്നത് ബ്രഹ്മാദികൾക്കുപോലും സൃഷ്ടിക്കാൻ ഹേതുവായിട്ടുള്ളവൻ. വിശ്വത്തിന്റെ ചിത്പദത്തിൽ കരയുന്നവനും ദ്രവിക്കുന്നവനുമാണ് രുദ്രൻ. പൂർണ്ണാഹന്താവിൽ പരാമർശമയമായതുകൊണ്ട് മന്ത്രമൂർത്തി.

## ശ്ലോകം 5

*നമോ നികൃത്തനിഃശേഷത്രൈലോക്യവിഗളദ്വസാ-*
*വസേകവിഷമായാപി മങ്ഗളായ ശിവാഗ്നയേ*

സാരം - മുഴുവൻ മുറിച്ചെടുത്തതും ത്രിലോകങ്ങളിൽനിന്നും ഊർന്നുപോയതുമായ വസാ (മാംസം) ഹോമിക്കുകവഴി അത്യന്തം ഭയങ്കരമായതുമായ മംഗളസ്വരൂപമായ ശിവരൂപമായിരിക്കുന്ന അഗ്നിക്ക് നമസ്കാരം.

വ്യാഖ്യാനം - നികൃത്തം - അഖ്യാതിലക്ഷണാന്മൂലാത് പ്രഭൃതി ഖണ്ഡശഃ കൃതം ഭവാഭവാതിഭവാഖ്യം[4] യത്ത്രൈലോക്യം, തത്സംബന്ധിനീ ബോധാനലോദ്ദീപിനീ ആന്തരരസസാരരൂപാ യാ വസാ, തത്കൃതോ യോവസേകഃ - ആഹുതിഃ, തതോ വിഷമായ - അത്യന്തം ജാജ്വല്യമാനായ, അത ഏവ സംസാരാമംഗല്യപരിഹൃതിപ്രദത്വാത് മങ്ഗളായ ശിവവഹ്നയേ നമഃ - ശരീരപ്രാണാദി പരിമിതപ്രമാതൃപദം തത്രൈവ സമാവേശയാമഃ, ഇത്യർത്ഥഃ. സർവ്വവസാവസേകവിഷമഃ ശ്മശാനികാഗ്നിഃ കഥം മങ്ഗള ഇതി വിരോധച്ഛായാ.

പരിഭാഷ - നിഷ്കൃത്തം എന്നു പറയുന്നത് അജ്ഞാനലക്ഷണയുടെ താഴെ തുടങ്ങി മൂന്നായി പകുത്തതും, ത്രൈലോക്യം എന്നത് ആ മൂന്നായ ഭവം, അഭവം അതിഭവം എന്നിവയുമാണ്. വസാ എന്നു പറയുന്നത് ഈ മൂന്നിനേയും (ഭവം, അഭവം, അതിഭവം) സംബന്ധിച്ച ബോധമാകുന്ന അഗ്നിയെ കത്തിപ്പിക്കുന്ന ഉള്ളിലുള്ള രസസാരരൂപം ആണ്. അതുകൊണ്ട് ചെയ്യുന്ന ആഹുതിയാൽ ഭയങ്കരമായ അതായത് അത്യന്തം ജ്വലിക്കുന്ന സംസാരത്തിന്റെ അമങ്ഗളങ്ങളെ പരിഹരിക്കുന്ന, ആ മങ്ഗളമായ ശിവരൂപമായ അഗ്നിക്ക് നമസ്കാരം. അതായത് ഈ ശിവാഗ്നിയിലാണ് ശരീരം, പ്രാണൻ ഇത്യാദികളായ പരിമിതമായ പ്രമാതൃക്കളെ സമാവേശിപ്പിക്കുന്നത്. എല്ലാ വസാഹോമംകൊണ്ടും അത്യന്തം ജ്വലിക്കുന്ന ശ്മശാനാഗ്നി എങ്ങനെയാണ് മംഗളമാകുന്നതെന്ന് വിരോധച്ഛായാ അലങ്കാരം.

(തുടരും)

---

4. ഭവാഭവാതിഭവലക്ഷണം എന്ന് ഒരു പാഠം.

ശ്രീമദപ്പയ്യദീക്ഷിതകൃതമായ

# ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (5)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

*13. ബന്ധേ വധേ മഹതി മൃത്യുഭയേ പ്രസക്തേ
ചിത്തക്ഷയേ ച വിവിധേ ച മഹാപതാപേ
യത്പാദപൂജനമിഹ പ്രതികാരമാഹുഃ
സാ മേ സമസ്ത ജനനീ ശരണം ഭവാനീ.*

അർത്ഥം - ബന്ധേ വധേ = ബന്ധുജനങ്ങളുടെ വധത്തിങ്കലും, പ്രസക്തേ മൃത്യുഭയേ = പ്രസക്തമായ മരണഭയത്തിലും, ചിത്തക്ഷയേ ച = മനോബലക്ഷയത്തിലും, വിവിധേ ച മഹോപതാപേ = വിവിധങ്ങളായ വളരെ വലിയ ദുഃഖങ്ങളിലും ഇഹ = ഇവിടെ, യദ്പാദപൂജനം = ആരുടെ പാദസേവയാണോ, പ്രതികാരമാഹു = പ്രതിവിധിയായിട്ട് നിർദ്ദേശിച്ചിരിക്കുന്നത്, സമസ്ത ജനനീ = ഇക്കാണുന്ന സകല ജഗത്തിനെയും ജനിപ്പിച്ചവളായ, സാ ഭവാനീ = ആ ഭവാനിയായ മഹാദേവി, മേ ശരണം സ്യാത് = എനിക്ക് ശരണത്തിനായി ഭവിക്കട്ടെ.

സാരം - ബന്ധുജനങ്ങളുടെ വധത്തിങ്കലും, പ്രസക്തമായ മരണഭയത്തിങ്കലും, മനോബലക്ഷയത്തിലും വിവിധങ്ങളായ വളരെ വലിയ ദുഃഖങ്ങളിലും ഇവിടെ ആരുടെ ആരുടെ പാദസേവയാണോ പ്രതിവിധിയായി നിർദ്ദേശിച്ചിരിക്കുന്നത് ജഗജ്ജനനിയായ ആ ഭവാനി എനിക്ക് ശരണത്തിനായി ഭവിക്കട്ടെ.

*14. ബാണാസുര പ്രഹിത പന്നഗബന്ധമോക്ഷ-
സ്തദ്ബാഹുദർപ്പദലനാദുഷയാ ച യോഗഃ
പ്രാദ്യുമ്നിനാ ദ്രുതമലഭ്യത യത് പ്രസാദാത്സാ
മേ ശിവാ സകലമപ്യശുഭം ക്ഷിണോതു.*

അർത്ഥം - പ്രാദ്യുമ്നിനാ = പ്രദ്യുമ്നനാൽ, ബാണാസുരപ്രഹിതപന്നഗബന്ധമോക്ഷഃ = ബാണാസുരനാൽ ചെയ്യപ്പെട്ട നാഗപാശബന്ധനത്തിൽനിന്നു മുക്തിയും, തദ്ബാഹുദർപ്പദലനാത് = അവന്റെ ബാഹുബലത്തിൽനിന്നുണ്ടായ അഹങ്കാരത്തെ നശിപ്പിച്ചുകൊണ്ട്, ഉഷയാ ച യോഗഃ = അവന്റെ മകളായ ഉഷയുമായുള്ള പ്രണയസാഫല്യം എന്നിവ, യത് പ്രസാദാതാത് = ആരുടെ അനുഗ്രഹംകൊണ്ടാണോ ദ്രുതമലഭ്യത = വേഗം ലഭ്യമായത്, സാ ശിവാ = സർവ്വമംഗ

ളകാരിണിയായ ആ ദേവി, മേ = എന്റെ, സകലമപ്യശുഭം = എല്ലാ അശുഭ ങ്ങളെയും, ക്ഷിണോതു = ക്ഷീണപ്പിക്കട്ടെ (ബലഹീനമാക്കട്ടെ, ഇല്ലാതാക്കട്ടെ).

സാരം - പ്രദ്യുമ്നനാൽ, ബാണാസുരന്റെ നാഗപാശത്തിൽനിന്നു മോചനവും, അവന്റെ ബാഹുബലത്തിൽനിന്നുണ്ടായ അഹങ്കാരത്തെ നശിപ്പിച്ചുകൊണ്ട് മകളായ ഉഷയോടുകൂടിയുള്ള പ്രണയസാഫല്യവും, ആരുടെ അനുഗ്രഹത്താലാണോ ശീഘ്രം ലഭ്യമായത്, സർവ്വമംഗളകാരിണിയായ ആ ദേവി എന്റെ എല്ലാ അശുഭങ്ങളെയും ഇല്ലാതാക്കട്ടെ.

വിവരണം - ഇവിടെ ഹരിവംശത്തിൽ വിവരിച്ചിട്ടുള്ളതായ പ്രദ്യുമ്നനും ഉഷയും തമ്മിലുള്ള പ്രണയവും അതേത്തുടർന്നു ഉഷയുടെ പിതാവായ ബാണാസുരൻ പ്രദ്യുമ്നനെ ബന്ധനസ്ഥനാക്കുന്നതും ദേവിയുടെ അനുഗ്രഹത്തോടുകൂടി ശ്രീകൃഷ്ണനും സൈന്യവും പ്രദ്യുമ്നനെ മോചിപ്പിക്കുന്നതും ഉഷയുമായുള്ള പ്രണയം സഫലമാകുന്നതും വർണ്ണിച്ചിരിക്കുന്നു.

*15. പാപഃ പുലസ്ത്യതനയഃ പുനരുത്ഥിതോ മാം
അദ്യാപി ഹർത്തുമയമാഗത ഇത്യുദീതം
യത്സേവനേന ഭയമിന്ദിരയാവധൂതം
താമാദിദേവതരുണീം ശരണം ഗതോ/സ്മി.*

അർത്ഥം - പുനരുത്ഥിതഃ = വീണ്ടും ജനിച്ചവനായ, പാപഃ പുലസ്ത്യതനയഃ = പാപിയായ പുലസ്ത്യതനയൻ, അദ്യാപി = ഇപ്പോഴും, ഹർത്തുമയമാഗത = ഹനിക്കാൻ ഇവിടേക്കു വന്നിട്ടുണ്ട്, ഇത്യുദീതം = ഇങ്ങനെ ചിന്തിച്ച് ദുഃഖിതയായി, യത്സേവനേന = ആരുടെ സേവകൊണ്ടാണോ, ഇന്ദിരയാ ഭയം അവധൂതം = ഇന്ദിരയാൽ ഭയത്തെ ഇല്ലാതാക്കപ്പെട്ടത്, ആദിദേവ തരുണീം താം = ആദിദേവ തരുണിയായ ആ ദേവിയെ ശരണം ഗതോ/സ്മി = ഞാൻ ശരണം പ്രാപിക്കുന്നു.

വിവരണം - ശ്രീമദ്ഭാഗവതത്തിലെ കഥാസന്ദർഭമാണിത്. രുക്മിണീഹരണസമയത്ത് കൃഷ്ണനെ പ്രതീക്ഷിച്ചിരിക്കുന്നതായ രുക്മിണിയുടെ മനസ്സിലെ ഭയം ഇവിടെ പ്രതിപാദിക്കുന്നു. രുക്മിണി സാക്ഷാൽ ലക്ഷ്മിയുടെ അവതാരമായതിനാൽ ഇന്ദിര എന്നു ഇവിടെ പ്രയോഗിച്ചിരിക്കുന്നു. മുൻപത്തെ ജന്മത്തിലെ സീതാവതാരത്തിൽ തന്നെ അപഹരിച്ചുകൊണ്ടുപോയ രാവണൻ ശിശുപാലരൂപത്തിൽ ഇത്തവണയും വരുമോ എന്നു ദേവി ഭയപ്പെടുകയും മഹാദേവിയെ സ്മരിച്ച് നിർഭയയായിത്തീരുകയും ചെയ്തു. ശേഷം കൃഷ്ണബലരാമന്മാർ വരികയും ദേവിയെ തങ്ങളോടൊപ്പം കൊണ്ടുപോകുകയും ചെയ്തു.

*16 യദ് ധ്യാനജം സുഖമവാപ്യമനന്തപുണ്യൈഃ
സാക്ഷാത് തമച്യുത പരിഗ്രഹമാശ്വവാപുഃ
ഗോപാങ്ഗനാഃ കില യദർച്ചന പുണ്യമാത്രാഃ
സാ മേ സദാഭഗവതീ ഭവതു പ്രസന്നാഃ*

അർത്ഥം - ധ്യാനജം = ധ്യാനംകൊണ്ട് ലഭിക്കാവുന്നതും, അനന്തപു

ണ്യൈഃ അവാപ്യം = അനന്തമായ പുണ്യകർമ്മങ്ങളെക്കൊണ്ടുമാത്രം പ്രാപിക്കാവുന്നതുമായ, സാക്ഷാത് തമച്യുതപരിഗ്രഹം = സാക്ഷാത് ഭഗവാൻ അച്യുതനാൽ സ്വീകരിക്കപ്പെട്ടുക എന്ന, യദ് സുഖം = യാതൊരു സുഖംമാണോ, ഗോപാങ്ഗനാ = ഗോപസ്ത്രീകൾ, കില യദർച്ചന പുണ്യമാത്രാഃ = ആരുടെ ആരാധനകൊണ്ടുണ്ടായ പുണ്യംകൊണ്ടുമാത്രം, ആശ്വവാപു = പെട്ടെന്നുതന്നെ ലഭിച്ചത്, സാ ഭഗവതീ = ആ ഭഗവതി, മേ സദാ പ്രസന്നാ ഭവതു = എന്നിൽ എല്ലായ്പ്പോഴും പ്രസന്നയായിത്തീരട്ടെ.

സാരം - ധ്യാനംകൊണ്ടു ലഭിക്കാവുന്നതും, അനന്തമായ പുണ്യകർമ്മങ്ങളെക്കൊണ്ടുമാത്രം പ്രാപിക്കാവുന്നതുമായ സാക്ഷാൽ ഭഗവാൻ അച്യുതനാൽ സ്വീകരിക്കപ്പെട്ടുക എന്ന യാതൊരു സുഖം, ആരുടെ ആരാധനമൂലമുണ്ടായ പുണ്യംകൊണ്ടാണോ ഗോപസ്ത്രീകൾക്ക് പെട്ടെന്നു തന്നെ ലഭിച്ചത്, ആ ഭഗവതി എന്നിൽ എപ്പോഴും പ്രസന്നയായിത്തീരട്ടെ.

വിവരണം - ഭാഗവതം, ഹരിവംശം എന്നീ പുരാണങ്ങളിൽ ഗോപസ്ത്രീകൾ കൃഷ്ണനെ പതിയായി ലഭിക്കണമെന്ന ആഗ്രഹത്താൽ ദേവിയെ തപസ്സുചെയ്തുന്നതു വർണ്ണിച്ചിരിക്കുന്നു. കാളീമന്ത്രത്തെ ജപിച്ചു മാസങ്ങളോളം ചെയ്ത ആ തപസ്സിൽ കൃഷ്ണൻ സന്തുഷ്ടനാവുകയും അവരെ സ്വപതിയാക്കുകയും ചെയ്തു. ഇവിടെ ഭഗവാൻ കൃഷ്ണനും ദേവിയും തമ്മിൽ യാതൊരു ഭേദവുമില്ല എന്നു ധ്വനിപ്പിച്ചിരിക്കുന്നു.

17. *രാത്രിം പ്രപദ്യ ഇതി മന്ത്രവിദഃ പ്രപന്നാൻ*
*ഉദ്ബോധ്യമൃത്യവധിമന്യഫലൈഃ പ്രലോഭ്യ*
*ബദ്ധ്വാ ച തദ്വിമുഖതാം പ്രതനം നയന്തീം*
*ആകാശമാദി ജനനീം ജഗതാം ഭജേതാം.*

അർത്ഥം - രാത്രിം പ്രപദ്യ ഇതി = ഞാൻ രാത്രിസ്വരൂപിണിയായിത്തീരുന്നുവെന്ന്, പ്രപന്നാൽ മന്ത്രവിദഃ ഉദ്ബോധ്യ = തന്നെ സമീപിച്ചിരിക്കുന്നവരായ മന്ത്രജ്ഞന്മാരെ ഉദ്ബോധിപ്പിച്ചിട്ട്, മൃത്യവധി മന്യഫലൈഃ പ്രലോഭ്യ = മൃത്യുകാലത്തെ അറിയുവാൻവരെയുള്ള സിദ്ധികളാകുന്ന വിദ്യകളെ കൊടുത്തു പ്രലോഭിപ്പിച്ചിട്ട്, ബദ്ധ്വാ = ബന്ധനസ്ഥരാക്കി, പ്രതനം നയന്തീം = തങ്ങളുടെ യഥാർത്ഥ അവസ്ഥയിലേക്കു നയിക്കുന്നവളായ, ജഗതാം ആകാശമാദി ജനനീം = ആകാശമാദിയായ സകല ജഗത്തുക്കളുടെയും ജനനിയെ, ഭജേതാം = ഞാൻ ഭജിക്കുന്നു.

സാരം - ഞാൻ രാത്രിസ്വരൂപിണിയായിത്തീരുന്നു എന്ന് തന്നെ സമീപിച്ചിരിക്കുന്നവരായ മന്ത്രജ്ഞന്മാരെ ഉദ്ബോധിപ്പിച്ച്, മൃത്യുകാലത്തെ അറിയുവാൻവരെയുള്ള സിദ്ധികളാകുന്ന വിദ്യകളെ കൊടുത്തു പ്രലോഭിപ്പിച്ച് ബന്ധനസ്ഥരാക്കി തങ്ങളുടെ യഥാർത്ഥ അവസ്ഥയായ മോക്ഷാവസ്ഥയിലേക്കു നയിക്കുന്നവളായ ആകാശമാദിയായ സകലജഗത്തുക്കളുടെയും ജനനിയെ ഞാൻ ഭജിക്കുന്നു.

വിവരണം - ഇക്കഴിഞ്ഞ 16 ശ്ലോകത്തിലൂടെ വിവരിക്കപ്പെട്ടവളായ ആ

ദേവി തന്റെ ഭക്തന്മാർക്ക് ഭോഗമോക്ഷങ്ങളെക്കൊടുക്കാൻ സമർത്ഥയാണെന്ന് ഈ ശ്ലോകത്തിൽ പ്രതിപാദിക്കുന്നു. ദേവിയെ രാത്രീസ്വരൂപത്തിൽ ഉപാസിക്കുന്നവർക്ക് തങ്ങളുടെ മൃത്യുകാലത്തെപ്പറ്റിയുള്ള പൂർണ്ണജ്ഞാനമുണ്ടാകുമെന്നു ശാസ്ത്രോക്തി. ഇത്തരം സിദ്ധികളും മുക്തിയും ദേവ്യുപാസനകൊണ്ടു കൈവരുന്നു.

## ഫലശ്രുതി

*18. ദേശകാലേഷു ദുഷ്ടേഷു ദേവീ ചന്ദ്രകാലാസ്തുതി*
*സന്ധ്യയോരനുസന്ധേയാ സർവ്വാപദ്വിനിവർത്തയേ*

അർത്ഥം - ദുഷ്ടേഷു ദേശകാലേഷു = ദേശകാലങ്ങൾ അമംഗളങ്ങളായിത്തീരുമ്പോൾ, ദേവീചന്ദ്രകലാസ്തുതി = ദേവിയുടെ ഈ 16 സ്തുതികൾ, സർവ്വാപദ്വിനിവർത്തയേ = സർവ്വാപത്തുക്കളുടെയും നിവൃത്തിക്കായിക്കൊണ്ട്, സന്ധ്യയോഃ = സന്ധ്യകളിൽ, അനുസന്ധേയാ = ചിന്തിക്കേണ്ടതാണ്. (അർത്ഥജ്ഞാനത്തോടുകൂടി പാരായണം ചെയ്യേണ്ടതാണ്.

സാരം - ദേശകാലങ്ങൾ അമംഗളങ്ങളായിത്തീരുമ്പോൾ (കാലദോഷമോ, ദേശദോഷമോ വരുമ്പോൾ ദേവിയുടെ മേൽപ്പറഞ്ഞ 16 സ്തുതികൾ, സർവ്വാപത്തുക്കളുടെയും നിവൃത്തിക്കായിക്കൊണ്ട് ദിവസത്തിലെ 2 സന്ധ്യകളിലും അർത്ഥജ്ഞാനത്തോടുകൂടി പാരായണം ചെയ്യേണ്ടതാണ്.

ശ്രീമദപ്പയ്യദീക്ഷിതകൃതം
ദുർഗ്ഗാചന്ദ്രകലാസ്തുതിഃ സമാപ്തം.

---

# കാശ്മീര ശൈവസമ്പ്രദായം (7)

## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

അഭിനവഗുപ്തനാൽ വിരചിതമായ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതായി കണക്കാക്കപ്പെടുന്ന ഗ്രന്ഥമാണ് തന്ത്രാലോകം. പേരുപോലെത്തന്നെ ഇത് എല്ലാ താന്ത്രികസമ്പ്രദായങ്ങളിലേക്കും വെളിച്ചം വീശുന്ന ഗ്രന്ഥമാണ്. തന്ത്രാലോകം എഴുതാൻ അഭിനവഗുപ്തൻ കാരണമായി പറയുന്നത് മറ്റു താന്ത്രികസമ്പ്രദായങ്ങളിലെല്ലാംതന്നെ പദ്ധതിഗ്രന്ഥങ്ങൾ വേണ്ടുവോളം ലഭ്യമായിട്ടുണ്ട്. എന്നാൽ ത്രികശാസ്ത്രത്തിന്റേതായ പദ്ധതിഗ്രന്ഥങ്ങൾ ഒന്നും കിട്ടാനില്ലതന്നെ.

അതിനാൽ ത്രികശാസ്ത്രത്തിന്റെ ഒരു പദ്ധതിഗ്രന്ഥം എന്ന നിലയ്ക്കാണ് താൻ ഇത് എഴുതുന്നത് എന്നാണ്. രസകരമായ ഒരു വസ്തുത അഭിനവഗുപ്തൻ തന്നെ തന്ത്രാലോകത്തെ ഒരു പദ്ധതിഗ്രന്ഥം മാത്രമായിട്ടല്ല കാണുന്നത്; സ്തുതി, പ്രക്രിയാഗ്രന്ഥം, ശാസ്ത്രഗ്രന്ഥം എന്നീ തലങ്ങളിലും ഇതിനെ നോക്കിക്കാണുന്നുണ്ട്. അഭിനവഗുപ്തനുശേഷമുള്ളവരിൽ പലരും തന്ത്രാലോകത്തെ ശാസ്ത്രഗ്രന്ഥമായിട്ടാണ് പരാമർശിച്ചിട്ടുള്ളത്. 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കണക്കാക്കപ്പെടുന്ന നിത്യാഷോഡശികാർണ്ണവത്തിന്റെ 'ഋജുവിമർശിനീ' വ്യാഖ്യാതാവായ ശിവാനന്ദൻ തന്ത്രാലോകത്തെ വിശേഷിപ്പിക്കുന്നത് ത്രികശാസ്ത്രം, ത്രികസാരശാസ്ത്രം എന്നൊക്കെയാണ്. തന്ത്രാലോകത്തിന്റെ വ്യാഖ്യാതാവായ ജയരഥൻ (13-ാം നൂറ്റാണ്ട്) ഇതിനെ ശാസ്ത്രഗ്രന്ഥമായിട്ടുതന്നെയാണ് കാണുന്നത്. ഒരു ശാസ്ത്രഗ്രന്ഥം ആരംഭിക്കുന്നത് സംബന്ധചതുഷ്ടയങ്ങൾ പ്രസ്താവിച്ചുകൊണ്ടായിരിക്കണം എന്നതാണ് പരമ്പരാഗതരീതിശാസ്ത്രം. ജയരഥന്റെ അഭിപ്രായത്തിൽ ഈ ശാസ്ത്രഗ്രന്ഥം പഠിക്കുന്നതിന് അധികാരി ഗുരുപരമ്പര യിൽപെട്ട ഒരാളും, ശക്തിപാതം ലഭിച്ച ആളുമായിരിക്കണം. ഇതിലെ അഭിധേയം അതായത് പ്രതിപാദ്യവിഷയം ത്രികസാരമാണ്. പ്രയോജനം ത്രികശാസ്ത്രാവബോധവും, താൻ ശിവനാണെന്നുള്ള പ്രത്യഭിജ്ഞജ്ഞാനം വഴിയുണ്ടാവുന്ന ജീവന്മുക്തിയും. സംബന്ധം അതായത് വാച്യവാചകസംബന്ധം തന്ത്രാലോകത്തെ സംബന്ധിച്ച് പ്രക്രിയയും ഗ്രന്ഥവും തമ്മിലുള്ളതാണ്. അതായത് ഗ്രന്ഥം പ്രതിപാദകവും സാധാനാമാർഗ്ഗങ്ങൾ പ്രതിപാദ്യവും. ഇവ തമ്മിലുള്ള ബന്ധമാണ് സംബന്ധം. ഈ രീതിയിലാണ് ജയരഥൻ തന്ത്രാലോകത്തെ നോക്കിക്കാണുന്നത്. മാത്രവുമല്ല ജയരഥൻ അഭിനവഗുപ്തനെ സംബോധന ചെയ്യുന്നതും 'ശാസ്ത്രകാരഃ' എന്നാണ്.

തന്ത്രാലോകത്തിന് തന്ത്രാവലോകം എന്നും പേരുള്ളതായി കാണുന്നുണ്ട്. ഇതു കാണുന്നത് ത്രിപുരാരഹസ്യത്തിന് ശ്രീനിവാസബുദ്ധൻ രചിച്ച 'ദീപിക' എന്ന വ്യാഖ്യാനത്തിലാണ്.

തന്ത്രാലോകം പഠിക്കുന്നതിന്റെ മുഖ്യപ്രയോജനം ത്രികശാസ്ത്രാവബോധമാണെന്ന് വ്യാഖ്യാതാവായ ജയരഥൻ അഭിപ്രായപ്പെടുമ്പോൾ ഗ്രന്ഥകർത്താവായ അഭിനവഗുപ്തൻ പറയുന്നത് ആരാണോ ഇതിലെ 37 അദ്ധ്യായങ്ങളും വിധിയാംവണ്ണം അഭ്യസിക്കുന്നത് അയാൾ സാക്ഷാൽ ഭൈരവനായിത്തീരും എന്നാണ്.[1] വേറൊരർത്ഥത്തിൽ പറഞ്ഞാൽ തന്ത്രാലോകം ശരിയായരീതിയിൽ മനസ്സിലാക്കിയാൽ ഭൈരവസമാവേശം ഉണ്ടാകും. ഇതിനർത്ഥം ഈ ശാസ്ത്രഗ്രന്ഥാദ്ധ്യയനം തന്നെ ഒരു സാധനാമാർഗ്ഗമെന്നാണ്. വേറൊരിടത്ത് അഭിനവഗുപ്തൻ പറയുന്ന പ്രതിഭാജ്ഞാനം ഈ ശാസ്ത്രം അദ്ധ്യയനം ചെയ്യുന്ന

---

1. ഇതി സപ്താധികാമേനാം ത്രിശതം യഃ സദാ ബുധൈഃ
ആഹ്നികാനം സമഭ്യസ്യേത് സ സാക്ഷാത് ഭൈരവോ ഭവേത്
(ത.ആ. 1-124)

വരിൽ ഉണ്ടാക്കിയെടുക്കാനാണ് തന്ത്രാലോകം രചിച്ചിട്ടുള്ളത് എന്നാണ്.[2]

## ശാസ്ത്രനിർമ്മിതി

തന്ത്രാലോകം രചിക്കുവാനുണ്ടായ പ്രധാന കാരണവും പ്രചോദനവും തന്റെ ഗുരുനാഥനായ ശംഭുനാഥനും ഏതാനും ചില ശിഷ്യന്മാരുമാണെന്നാണ് അഭിനവഗുപ്തമതം. അഭിനവഗുപ്തന് ഏറെ പ്രചോദനമായി നിലകൊണ്ട പ്രധാനശിഷ്യന്മാരുടെ പേരുകൾ നിറഞ്ഞ വാത്സല്യത്തോടെ അഭിനവഗുപ്തൻ തന്നെ പലയിടങ്ങളിലായി സൂചിപ്പിക്കുന്നുണ്ട്. അവരിൽ പ്രധാനികളാണ് മനോരഥൻ (അനുജൻ), ശ്രീമന്ദ്രൻ, കാമൻ, ഉത്പലൻ, ചന്ദ്രകൻ, രാമദേവൻ അഥവാ രാമഗുപ്തൻ, കർണ്ണൻ തുടങ്ങിയവർ. ഇവരിൽ മിക്കവാറും എല്ലാവരുംതന്നെ അഭിനവഗുപ്തന്റെ ബന്ധുക്കളാണ്. കൂടാതെ അഭിനവഗുപ്തന്റെ പല രചനകൾക്ക് പിന്നിലും പ്രേരകമായി വർത്തിച്ചത് ഇവരിൽ പലരുമാണ്. ഇവിടെ ശ്രദ്ധേയമായ വസ്തുത അഭിനവഗുപ്തന്റെ ശാസ്ത്രപാരമ്പര്യത്തെ മുന്നോട്ടു നയിച്ചത് ഇവരാരുമല്ല; മറിച്ച് ക്ഷേമരാജനാണ്. എന്നാൽ അഭിനവഗുപ്തനാകട്ടെ ക്ഷേമരാജന്റെ പേര് കൃതികളിലെവിടെയുംതന്നെ പരാമർശിക്കുന്നില്ല താനും. ഇവരെയൊന്നും കൂടാതെ അഭിനവഗുപ്തന്റെ സഹോദരിയായ അംബയേയും (കർണ്ണന്റെ ഭാര്യ) വത്സലിക എന്ന അമ്മായിയേയും ഏറെ സ്നേഹത്തോടെ അഭിനവഗുപ്തൻ അനുസ്മരിക്കുന്നുണ്ട്. അമ്മായിയായ വത്സലികയുടെ ഗൃഹത്തിൽ അവരുടെ ആതിഥ്യസത്കാരവും സ്നേഹാദരങ്ങളും വേണ്ടുവോളം ഏറ്റുവാങ്ങിക്കൊണ്ടാണ് താൻ തന്ത്രാലോകം രചിച്ചതെന്ന് അഭിനവഗുപ്തൻ സ്മരിക്കുന്നുണ്ട്.[3]

## ജയരഥൻ

37 അദ്ധ്യായങ്ങളടങ്ങിയ തന്ത്രാലോകത്തിന് ജയരഥൻ എഴുതിയ വ്യാഖ്യാനമാണ് വിവേകം അഥവാ തന്ത്രാലോകവിവേകം. തന്ത്രാലോകം എഴുതിക്കഴിഞ്ഞ് രണ്ടു നൂറ്റാണ്ടിനുശേഷമാണ് ജയരഥന്റെ വ്യാഖ്യാനം വരുന്നതെന്നുള്ളത് ഏറെ ശ്രദ്ധേയമായ ഒരു കാര്യമാണ്. സാധാരണ വ്യാഖ്യാതാക്കന്മാർ ചെയ്യുന്നതുപോലെ തന്റെ സിദ്ധാന്തങ്ങളും നിലപാടുകളും അവതരിപ്പിക്കുന്നതിനുവേണ്ടി ഒരു ശാസ്ത്രഗ്രന്ഥത്തെ വ്യാഖ്യാനിക്കുകയല്ല ജയരഥൻ ചെയ്തിട്ടുള്ളത്. ഇത്തരത്തിലൊരു വ്യാഖ്യാനം എഴുതാൻ കാരണമായിട്ടുള്ളതുതന്നെ തന്ത്രാലോകത്തിന് മുമ്പുണ്ടായിട്ടുള്ള വ്യാഖ്യാനങ്ങളെല്ലാംതന്നെ അപൂർണ്ണങ്ങളും സമ്പ്രദായവിരുദ്ധവും ആയതുകൊണ്ടാണെന്നാണ് ജയരഥൻ പറയുന്നത്.

2. തതഃ പ്രാതിഭസംവിത്ത്യൈ ശാസ്ത്രമസ്മത്കൃതംത്വിദം
യോഭ്യസേത് സഗുരുർന്നൈവ വസ്ത്വർത്ഥാ ഹി വിഡംബകാഃ
(ത.ആ. 13-160)

3. ഇത്ഥം ഗൃഹേ വത്സലികാവിതീർണ്ണേ സ്ഥിതഃ സമാധായ മതിം
ബഹൂനി... ... ... സ തന്നിബന്ധം വിദധേ മഹാർത്ഥം.

ഈ വ്യാഖ്യാതാക്കന്മാർക്ക് അഭിനവഗുപ്തനേയും അഭിനവഗുപ്തൻ പ്രതിനിധാനം ചെയ്ത താന്ത്രികപാരമ്പര്യത്തിന്റെ പ്രത്യേകതകളെക്കുറിച്ചും വ്യക്തമായ ധാരണയില്ലെന്നും പറഞ്ഞ് ജയരഥൻ ഇവരെ നിശിതമായി വിമർശിക്കുന്നു. അതിനാൽതന്നെ ഇവരുടെ വ്യാഖ്യാനങ്ങൾ അന്തഃസാരശൂന്യങ്ങളാണ്.

ജയരഥൻ കേവലം ഒരു വ്യാഖ്യാതാവുമാത്രമല്ല, നല്ലൊരു സംശോധകൻ കൂടിയാണ്. അദ്ദേഹം ചെയ്ത ഒരു പ്രധാനകാര്യം തന്ത്രാലോകത്തിന്റെ പാഠഭേദങ്ങളെ സമഗ്രമായി വിലയിരുത്തുകയും അവയിൽ സ്വീകാര്യമായ പാഠത്തെ നിലനിർത്തുകയും ചെയ്തു എന്നതാണ്. മാത്രവുമല്ല അർത്ഥരഹിതം എന്നു തോന്നിയ സ്ഥലങ്ങളിലെല്ലാംതന്നെ മാറ്റം വരുത്തുകയും അതിനുള്ള കാരണങ്ങൾ സയുക്തികം സമർത്ഥിക്കുകയും ചെയ്യുന്നു. അഭിനവഗുപ്തന്റെ നിഃശബ്ദനാകുന്ന സ്ഥലങ്ങളിൽ ജയരഥൻ വാചാലനാവുകയും പറയാതെ പോകുന്ന സ്ഥലങ്ങളിൽ അതാതു കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. ഇതാണ് ജയരഥന്റെ വ്യാഖ്യാനശൈലി. നവജീവൻ രസ്തോഗി തന്റെ തന്ത്രാലോകത്തിന് ഇംഗ്ലീഷിൽ എഴുതിയ അതിവിസ്തൃതവും വിജ്ഞാനപ്രദവുമായ ആമുഖത്തിൽ പ്രസ്താവിക്കുന്നത് അഭിനവഗുപ്തന്റെ വാക്കുകളിലെ വൈരുദ്ധ്യങ്ങളെപ്പോലും ജയരഥൻ സമർത്ഥമായി പരിഹരിക്കുന്നുണ്ടെന്നാണ്.

വിവേകവ്യാഖ്യാനത്തിന്റെ മറ്റൊരു പ്രത്യേകത അഭിനവഗുപ്തന്റെ ആശയങ്ങളെ ജയരഥൻ പരസ്പരം ബന്ധിപ്പിച്ച് തുടർന്നുവരുന്ന ഓരോ ആശയത്തേയും മുൻപറഞ്ഞ ആശയങ്ങളുമായി ബന്ധിപ്പിച്ച് തന്ത്രാലോകത്തിന് ഒരു ക്രമം നല്കുന്നുവെന്നുള്ളതാണ്. അഭിനവഗുപ്തന്റെ ഓരോ ആശയവുമെടുത്ത് വിവരിക്കുമ്പോൾ അതോടൊപ്പം തന്നെ ആ വിഷയത്തിൽ ശൈവസൈദ്ധാന്തികന്മാർ, ബൗദ്ധർ, ജൈനർ, മറ്റു താന്ത്രിക ആചാര്യന്മാർ തുടങ്ങിയവർക്കുള്ള വ്യത്യസ്തമായ നിലപാടുകളെക്കുറിച്ചും ജയരഥൻ സൂചിപ്പിക്കുന്നുണ്ട്. തന്ത്രാലോകം അതിന്റെ സമഗ്രതയിൽ മനസ്സിലാകണമെങ്കിൽ ജയരഥന്റെ വിവേകവ്യാഖ്യാനം അനിവാര്യമാണ്. ചിലയിടങ്ങളിൽ അഭിനവഗുപ്തൻ പരാമർശിക്കാത്തതോ അല്ലെങ്കിൽ അഭിനവഗുപ്തന് അറിവില്ലാതിരുന്നതോ ആയ ഗ്രന്ഥങ്ങളിൽനിന്നുപോലും ജയരഥൻ ഉദ്ധരിക്കുന്നുണ്ടെന്ന് രസ്തോഗി നിരീക്ഷിക്കുന്നു.

ജയരഥൻ ചെയ്തത് തന്റെ കയ്യിൽ കിട്ടിയ തന്ത്രാലോകത്തെ മുഴുവനായും പരമ്പരയ്ക്കനുകൂലമായി ഉടച്ചുവാർത്തു എന്നുള്ളതാണ്. അതിലെ ഓരോ ആഹ്നികത്തിനും അഭിനവഗുപ്തന്റെ മനസ്സറിഞ്ഞ് നാമകരണം ചെയ്തു. വേറൊരു രീതിയിൽ പറഞ്ഞാൽ ഇന്നു ലഭ്യമായ തന്ത്രാലോകം ജയരഥൻ സംഗ്രഹിച്ചതും പുനഃക്രമീകരിച്ചതുമാണ്.

വിവേകവ്യാഖ്യാനത്തിന് ചില താളിയോലകളിൽ പ്രകാശം എന്നും പേരു നല്കിക്കാണുന്നുണ്ട്. മാത്രവുമല്ല ജയരഥൻ തന്നെ തന്ത്രാലോകം വ്യാഖ്യാനിക്കുമ്പോൾ ഒരിടത്ത് 'വിവരണം' എന്നും പരാമർശിച്ചുകാണാനുണ്ട്.

(തുടരും)





RNI Registration Number – KERMAL/2012/56910

Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash